# LARVA

*The Real You...*



# NEWMAN VOICE
# 2015-16

# Lead,
## Kindly Light


Lead Kindly light, amidst th' encircling gloom,
Lead Thou me on!
The night is Dark, and I am far from home,
Lead Thou me on!
Keep Thou my feet; I do not ask to see
The Distant scene; one step enough for me.

I was not ever thus, nor prayed that Thou
Shouldst lead me on
I loved to choose and see my path; but now
Lead Thou me on!
I loved the garish day, and, spite of fears,
Pride ruled my will. Remember not past years

So long Thy power hath blest me, sure it still
Will lead me on.
O'er moor and fen, o'er crag and torrent, till
The night is gone ,
And with the morn those angel faces smile,
Which I have loved long since, and lost awhile!

Meantime, along the narrow rugged path,
Thyself hast trod,
Lead, Saviour, lead me home in childlike faith,
Home to my god
To rest forever after earthly strife
In the calm light of everlasting life."

# Our Heavenly Patron




JOHN HENRY CARDINAL NEWMAN

*Bishop Emeritus*



# Mar GEORGE PUNNAKOTTIL

## Our Patron



# Mar George Madathikandathil

**Bishop of Kothamangalam**

*Our Manager*



## Very Rev. Msgr. Dr. George Oliapuram

*Our Principal*



## Dr. T.M. Joseph

Our vice principal



Dr. K.J. John

Our Bursar



Rev. Fr. Francis Kannadan

# College Union


Chairman
**Ronal Sunny**


Vice Chairperson
**Merin Joseph**


General Secreatry
**Arun Roy**


Arts Club Secreatry
**George Tom**


Staff Advisor
**Prof. K P Benny**


Magazine Editor
**Deljo Davis**


University Union Councillor
**Aljo Peter**


University Union Councillor
**Kiran Roy**


Lady Representative
**Meriya Mathews**


Lady Representative
**Teena Susan Tom**


Sports Club Secretary
**Naveen Joseph**

2015-16

# Editorial Board

## Staff Editors


Rev.Dr. Manuel Pichalakkatt


Dr. Bijimol Thomas


Prof. Lally Thomas

## Chief Editor


Deljo Davis

## Student Editors


Bibina Vimala Babu


Jogy George


Amal Shaju


Ammu Maria Alex


Jithu Thottiyil


Kiran Shaji



# സമർപ്പണം

ഒഴുക്കിനെതിരെ നീന്താൻ പഠിപ്പിച്ച...
കുഞ്ഞുമനസ്സുകളെ സ്വപ്നം കാണാൻ പഠിപ്പിച്ച...
ഹൃദയത്തിലെ നന്മ പ്രവർത്തികളിൽ ലയിപ്പിച്ച...
യുവ മനസ്സുകളിലേക്ക് അഗ്നിച്ചിറകുകൾ വിടർത്തിയ...
ആ അതുല്യ പ്രതിഭാശാലിക്ക്....

# മുഖംമൂടി അഴിയുമ്പോൾ...


14 ഞാൻ സ്വപ്നം കാണുകയാണ് – കലാം പകർന്നു തന്നത്
15 മദേഴ്സ് ഡേ
17 മഴ
18 കലാലയ ജീവിതം–മാറുന്ന മുഖം
19 സെൽഫിസ്റ്റിക്കുകൾ മന്ത്രവടികളാകുമ്പോൾ
20 Greek Drop Down
21 Laws Newton Forgot to State
22 ഓർമ്മച്ചെപ്പ്
25 അവൾക്കറിയാം കഥ പറയാൻ
27 Time- A Critical Factor For Success
28 ശിലായുഗം
29 X and Y
30 ഐലൻ നമ്മെ എന്തു പഠിപ്പിച്ചു ?
31 ദേശത്തിന്റെ കഥ
34 ഓർമ്മകൾ
37 ഞങ്ങളുടെ സമയാന്വേഷണ പരീക്ഷണങ്ങൾ
39 A Friendship Day Poem
40 ആ യാത്രക്കിടെ
42 Newman @2030
43 ഇടുക്കി
44 3 ചോദ്യങ്ങൾ
45 തിരിച്ചറിവ്
46 Wardrobe
47 ഒരു പൈങ്കിളിയുടെ സങ്കീർത്തനം
48 കാക്ക, ഇതളുകൾ പൊൻപുലരിക്കാവട്ടെ
51 Funny Definitions
52 ഈ കലാലയ തിരുമുറ്റത്ത്
53 Those Were The Days
54 രക്ഷകൻ
55 എവിടെ ഒളിക്കും ഞാൻ
56 മാറ്റം
57 അഭിമുഖം: നല്ല സിനിമകൾ വരട്ടെ
63 ഹെൽമറ്റ് ; മരണത്തെ തടയാൻ
64 ജീവിതം ഗണിത ശോഭയിൽ
65 ഉടഞ്ഞ വാക്കുകൾ
66 Life



# ഞാൻ സ്വപ്നം കാണുകയാണ്
# കലാം പകർന്നു തന്നത്

കലാം വിടപറഞ്ഞു എന്ന വാർത്ത കണ്ടപ്പോൾ ആദ്യമായി ഞെട്ടലാണ് ഉണ്ടായത്. തനിക്ക് ഏറെ അടുപ്പമുള്ള ചിരകാല സുഹൃത്തോ കൂടെ നടക്കുന്ന സഹൃദയനോ വഴികാട്ടിയായ അച്ഛനമ്മമാരോ കഥകൾ പറഞ്ഞു നൽകുന്ന മുത്തശ്ശീമുത്തശ്ശന്മാരോ വെളിച്ചം പകരുന്ന അധ്യാപകരോ തന്നെ വിട്ടു പോയി എന്ന തോന്നൽ.

മനസ്സിൽ കൂടുതൽ ഇരുൾ നിറഞ്ഞു. തനിക്ക് യഥാർഥത്തിൽ എന്തിനാണ് ഒരു നഷ്ടബോധം? അതിനു മാത്രം കലാം തന്റെ ആരാണ്? രക്തബന്ധമില്ല, നേരിട്ടൊരു പുഞ്ചിരിയുടെ സൗഹൃദം പോലും തനിക്കില്ല. പിന്നെ കലാം മൺ മറയുമ്പോൾ താനെന്തിന് വിലപിക്കുന്നു. എന്തിന് മൂകനാവണം? സത്യത്തിൽ ആരായിരുന്നു എ. പി. ജെ. അബ്ദുൾ കലാം? താനുൾപ്പെടുന്ന നൂറുകോടി പൗരന്മാരെ മൂല്യബോധത്തോടെയും ഐക്യത്തോടെയും സഹവർത്തിത്വത്തോടെയും ജീവി ക്കാനും വികസിത രാഷ്ട്രമെന്ന ലക്ഷ്യത്തിനായി സ്വപ്നം കാണാനും പ്രവർത്തിക്കാനുമുള്ള പ്രേരകശക്തിയായി മാറിയ കലാം.

ഭാരതത്തെ ഒരു വിജ്ഞാന ശക്തിയാക്കി മാറ്റുവാൻ കലാം എന്ന ഭാരതപുത്രൻ സ്വപ്നം കണ്ടു. ആ സ്വപ്നത്തിന്റെ വിഭവങ്ങൾ താനുൾപ്പെടുന്ന യുവാക്കളാണ്. അതുകൊണ്ടു തന്നെ തനിക്കും കലാമിന്റെ സ്വപ്നത്തിൽ പങ്കുണ്ട്. അത് നിറവേറ്റുകയും വേണം. അങ്ങനെ നോക്കിയാൽ കലാം ആണ് എന്റെ ഗുരുനാഥൻ.

ഉറക്കത്തിൽ സ്വപ്നം കണ്ടുകൊണ്ട് സംതൃപ്തി അടഞ്ഞിരുന്ന തന്നോട് കലാം പ്രകാശം നിറഞ്ഞ വാക്കുകളിലൂടെ ശാസിച്ചു. "നീ നിന്റെ സുഖത്തിനായ് ഉറങ്ങുന്നു, അതിൽ മാത്രം സ്വപ്നം കാണുന്നു. നീ അതു വഴി നിന്റെ നല്ല സമയമാണ് പാഴാക്കുന്നത്. ആ സമയത്തിന് നൂറുകോടി ഇന്ത്യക്കാരുടെ ജീവിതം മാറ്റുവാനുള്ള കെൽപ്പുണ്ട്. കാരണം നിന്നിൽ നിന്ന് ഭാരതം പ്രതീക്ഷിച്ചിരിക്കുന്നത് ഉണർന്നിരിക്കുന്ന ഒരു സ്വപ്നമാണ്. ആ സ്വപ്നമായിരിക്കണം നിന്റെ ഉറക്കം കെടുത്തേണ്ടത്. അതേ സ്വപ്നമായിരിക്കണം മറ്റുള്ളവരുടെ ജീവിതനിലവാരം ഉയർത്തേണ്ടത്."

ഉപദേശം ആർക്കും സാധിക്കും. കാരണം അതിന് പ്രത്യേക ചിലവുകൾ ഒന്നുമില്ലല്ലോ? പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം ആരെയും കലാം ഉപദേശിച്ചിട്ടില്ല. എന്റെയും (ഭാരതത്തിന്റെയും) നിലനിൽപ്പിനുള്ള വഴി പറഞ്ഞു തന്നിട്ടേയുള്ളു.

പക്ഷേ ഞാനുൾപ്പെടുന്ന യുവാക്കൾ കലാമിനെയും ഭാരതത്തെയും വഞ്ചിക്കുകയാണ്. കഴിവും വൈദഗ്ദ്യവുമുള്ള ഒരു ജനതയുടെ പതനത്തിന്റെ കാരണം ഇതാണ്. ഇനി ഒരു മാറ്റം ആവശ്യമാണ്. ഇപ്പോൾ നമുക്ക് എഴുതപ്പെട്ട ഒരു ലക്ഷ്യം ഉണ്ട്. അതിന്റെ സൈന്യവും സൈന്യാധിപനും നമ്മളാണ്. . കലാം ആഗ്രഹിച്ചതുപോലെ ഭാരതത്തെ ഒരു വികസിത രാഷ്ട്രമാക്കണമെങ്കിൽ ലക്ഷ്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും, സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന് ഉറച്ച ധാരണ ഉണ്ടാവുകയും വേണം. അതിനാൽ ഞാനും സ്വപ്നം കാണുകയാണ്. ഞാനെന്നും പ്രാർത്ഥിക്കുന്നതും ദുഃസ്വപ്നങ്ങൾ കാണാതെ എന്റെയും ഭാരത്തിന്റെയും നന്മയ്ക്കുവേണ്ടി സ്വപ്നം കാണണം എന്നാണ്.

അതുകൊണ്ട് തന്നെ ഞാൻ മനസ്സിൽ ചൊല്ലുന്നതും കാരുണ്യത്തിന്റെ ഗീതമാണ്.. ആ വാക്കുകൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന തലമുറയുടെ മാർഗ്ഗദീപമാണ്.

അത് ആയിരങ്ങൾ ഉരുവിടുമ്പോൾ വികസിതമായൊരു ഇന്ത്യയുടെ ചിത്രം കലാമിന്റെ കൺ മുന്നിൽ തെളിയുന്നു.



ആര്യ പീതു



# മദേഴ്സ് ഡേ

അന്ന് പതിവിലും വൈകിയാണ് അരുണ വീട്ടിലെത്തിയത്. ഒരു മാധ്യമ പ്രവർത്തകയ്ക്ക് വീട്ടിലെത്താൻ സമയം നിശ്ചയിക്കാൻ പറ്റില്ല. "അരുണ ഹരിദാസ്" അറിയപ്പെടുന്ന ഒരു സ്വകാര്യ ചാനലിലെ സബ് എഡിറ്റർ ഭർത്താവ് ഹരിദാസ് ഡോക്ടർ, മകൾ അപർണ്ണ - 9 വയസ്സ് നാളത്തെ മദേഴ്സ് ഡേയോട് അനുബന്ധിച്ച് ഒരു പുതിയ സ്റ്റോറി ചെയ്യുവാനുള്ള തിരക്കിലായിരുന്നു അവർ. ഒടുവിൽ എന്തൊക്കെയോ തട്ടികൂട്ടി, പ്രോഗ്രാമിന്റെ അവസാനമിനുക്കു പണിയിലായിരുന്നു. വീട്ടിലെത്തിയപ്പോൾ തന്നെ അവൾ കണ്ടു പിണങ്ങി മുഖം വീർപ്പിച്ചിരിക്കുന്ന അപർണ്ണയെ. തലേന്ന് അവളോട് പ്രോമിസ് ചെയ്തിരുന്നു അവൾക്കൊപ്പം താനും ഹരിയും പുറത്ത് പോകാമെന്ന് പക്ഷേ ജോലിത്തിരക്ക് കാരണം കഴിഞ്ഞില്ല. സ്കൂൾ വിട്ടു വന്ന് ഭക്ഷണം പോലും കഴിക്കാതെ തന്നെ കാത്തിരിക്കുകയായിരുന്നെന്ന് ജാനകിയമ്മ പറഞ്ഞു. അവളെ കാര്യം പറഞ്ഞ് മനസ്സിലാക്കി, ഭക്ഷണം കഴിപ്പിക്കാൻ കുറച്ച് കഷ്ടപ്പെടേണ്ടതായി വന്നു. പിന്നെ അവൾ ഉറങ്ങുന്നതുവരെ അവളുടെ ഒപ്പമിരിക്കേണ്ടി വന്നു. അവിടെ നിന്നെഴുന്നേറ്റ് അരുണ തന്റെ ഓഫീസ് റൂമിലെത്തി. ഹരി അപ്പോഴും വന്നിട്ടുണ്ടായിരുന്നില്ല. ഒരു എമർജൻസി കേസ് വന്നതിനാൽ ഇനി രാവിലെ വരൂ എന്ന് വിളിച്ച് പറഞ്ഞിരുന്നു. അവൾ തന്റെ പ്രോഗ്രാമിന്റെ വർക്കിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ചു. ഒരു സ്ലൈഡ് എത്തിയപ്പോൾ അവളുടെ കൈകൾ അറിയാതെതന്നെ നിശ്ചലമായി. ഒരു കുഞ്ഞിന്റെയും അമ്മയുടെയും ചിത്രം ആയിരുന്നു അത്. അവളുടെ ഓർമ്മകൾ പിന്നിലേക്ക് പോയി. അന്ന് സർക്കാർ ഡോക്ടർമാരുടെ സമരം നടക്കുന്ന സമയമായിരുന്നു അത്. അതിനെപ്പറ്റി ഒരു റിപ്പോർട്ട് തയ്യാറാക്കാനായിരുന്നു അവളവിടെ എത്തിയത്. അവിടെ വച്ചാണ് താനാ കാഴ്ചകണ്ടത്, തന്റെ പ്രിയ സുഹൃത്തിന്റെ, റിയ തോമസ്, പക്ഷേ ഒരു നിമിഷത്തേക്ക് തോന്നി താൻ കണ്ടത് റിയയെയല്ല, അവളുടെ പ്രേതത്തെയാണ്. തലയിൽ ഒരു വലിയ കെട്ട്, ആകെ മെലിഞ്ഞുണങ്ങിയ ഒരു ശരീരം. കണ്ടാൽ ആഹാരം കഴിച്ചിട്ട് ദിവസങ്ങളായെന്ന് തോന്നും. കോളേജിലെ വിപ്ലവ പ്രണയത്തിന്റെ ജീവിക്കുന്ന രക്തസാക്ഷി. അവളുടെ കഥ വളരെ വ്യത്യസ്ത മായിരുന്നില്ല, ഏതാണ്ട് ക്യാമ്പസ് പ്രണയത്തിന്റെയും ക്ലൈമാക്സ് പോലെ തന്നെ. വിവാഹ ത്തിന് ശേഷമുള്ള ഇണക്കങ്ങളും പിണക്കങ്ങളും കലഹങ്ങളിൽ അവസാനിക്കുന്നത് പതിവായി. അപ്പോഴാണ് നാല് വയസ്സുള്ള ഒരു കുഞ്ഞു പെൺകുട്ടി അവളുടെ അടുത്തേയ്ക്ക് വന്നത്. "അപൂർണ്ണ" പ്രണയത്തിന്റെ ബാക്കി പത്രം. കഥാനായകൻ പ്രാക്ടിക്കലായി സ്വന്തം ജീവിതം നോക്കി പോയപ്പോൾ എനിക്കു ലഭിച്ച സമ്മാനം.

വളരെ നേരത്തെ സംസാരിച്ചിരുന്നപ്പോഴാണ് അവളാ സത്യം തുറന്ന് പറഞ്ഞത് അവളൊരു ക്യാൻസർ രോഗിയാണ്. ഈ ഭൂമിയിൽ അവൾക്ക് ഒത്തിരി ദിനങ്ങളില്ല. മരണത്തെക്കുറിച്ചോർത്ത് അവൾക്ക് ഭയമില്ല, പക്ഷേ ഭയം ഈ കുഞ്ഞിനെയോർത്ത് മാത്രമാണ്. അവളുടെ പിന്നിൽ ഒളിച്ചു നിന്ന ആ കുഞ്ഞിന്റെ നിഷ്കളങ്കമായ മുഖത്തേയ്ക്ക് നോക്കിയപ്പോൾ അരുണയുടെ നെഞ്ച് വിങ്ങി. റിയ വളരെ മടിച്ച് മടിച്ചാണ് ചോദിച്ചത്. "നീ വിചാരിച്ചാൽ എന്റെ മോൾക്ക് ഒരു സുരക്ഷിത സ്ഥാനം കണ്ടു പിടിക്കാൻ കഴിയില്ലേ. എന്റെ കാലം കഴിഞ്ഞാൽ അവൾക്ക് പിന്നെ..."കുറച്ച് നേരത്തേയ്ക്ക് ഒന്നും മിണ്ടിയില്ല. ആ മൗനത്തിൽ അവളുടെ നിശബ്ദമായ തേങ്ങലുകൾ അരുണയ്ക്ക് കേൾക്കാൻ കഴിഞ്ഞു.

അവിടെ നിന്ന് പുറപ്പെട്ടപോൾ, അരുണയുടെ മനസ്സിന് എന്തെന്നില്ലാത്ത് ഭാരം. പിന്നെ ഇടയ്ക്കിടയ്ക്ക് റിയയെ കാണാൻ പോകുന്ന പതിവുണ്ടായിരുന്നു. അപൂർണ്ണയെ കാണുമ്പോൾ എന്തെന്നില്ലാത്ത ഒരു സന്തോഷം അരുണയ്ക്ക് അനുഭവപ്പെട്ടിരുന്നു. ഒരു പക്ഷേ ഒരിക്കലും അമ്മയാകാൻ കഴിയില്ലെന്ന സത്യം അവൾ അപൂർണ്ണയെ കാണുമ്പോൾ മറക്കാനാഗ്രഹിച്ചിരുന്നു. അവളിലെ മാതൃത്വത്തെ ആ കുഞ്ഞ് എപ്പോഴോ തൊട്ടുണർത്തിയിരുന്നു.

റിയയുടെ മരണത്തിന് ശേഷം അപൂർണ്ണയെ അരുണ വീട്ടിലേക്ക് കൂട്ടികൊണ്ട് വന്നു. ഹരിക്ക് കാര്യമായ എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. ഒരു പക്ഷേ ആ കുഞ്ഞിന്റെ നിഷ്കളങ്കതയും സാന്നിദ്ധ്യവും ഹരിയും ഇഷ്ടപ്പെട്ടിരുന്നു. പതുക്കെ പതുക്കെ അപൂർണ്ണ അരുണയുടെയും ഹരിയുടെയും മകളായി. വർഷങ്ങൾ കടന്നു പോയത് പെട്ടന്നായിരുന്നു. മൊബൈൽ ഫോണിന്റെ ശബ്ദം അവളെ ഓർമ്മകളിൽ നിന്നു ണർത്തി. അപ്പുറത്ത് ഹരിയായിരുന്നു. "ഉറങ്ങിയില്ലേ താനിതുവരെ?"നമ്മുടെ മോൾ എന്ത്യേ? അവൾ ഉറങ്ങിയോ?" നമ്മുടെ മോൾ ആ വാക്കു കേട്ടപ്പോൾ അരുണയുടെ മനസ്സിൽ എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി. "ഉവ്വ് നമ്മുടെ മോൾ ഉറങ്ങി". ഫോൺകട്ട് ചെയ്ത് അരുണ എഴുന്നേറ്റ് അപൂർണ്ണയുടെ മുറിയിലേക്ക് ചെന്നു. അവൾ സുഖനിദ്രയിലായിരുന്നു. അവളെ ഉണർത്താതെ അവളുടെ മൂർദ്ധാവിൽ അരുണ പതുക്കെയൊന്ന് ചുംബിച്ചു. ടേബിളിൽ ഒരു കാർഡ് ഇരിക്കുന്നത് അരുണ കണ്ടു. അവൾ അതെടുത്ത് നോക്കി. അപൂർണ്ണ സ്വന്തമായി ഉണ്ടാക്കിയ കാർഡായിരുന്നു അത്.

Happy Mother's Day – World's best Mom! അരുണ അറിയാതെ അവളുടെ കണ്ണുകളിൽ നിന്ന് രണ്ട് തുള്ളി കണ്ണീർ ആ കാർഡിലേക്ക് വീണു.





ജോജി ജോർജ്ജ്

# മഴ



മൂകമാം സായാഹ്നത്തിൽ ഞാൻ
അലസമായി ചലിക്കവേ
നനച്ചു എന്നെ നീ കുളിർ മഴയെ
ഓടിക്കയറി ഞാൻ വീടിന്റെ ഉമ്മറ-
പ്പടികളിൽ ഒരു ചെറുചിരിയുമായി
ഇറ്റിറ്റുവീഴുമാ തേൻ മഴത്തുള്ളികൾ
തട്ടിക്കളിച്ചു ഞാൻ കൈക്കുമ്പിളിൽ
വീശിയ കാറ്റിന്റെ താളത്തിലാമഴ
മുത്തമേകിയെൻ മുഖത്തടത്തിലായി
ആ സ്നേഹ ലഹരിയിൽ ലയിച്ചോരെൻ മനം
ഈണമേകി ഒരു പുതുഗാനത്തിനായി
മറ്റേതോ ഓർമ്മയിൽ എൻ മനം ചായവേ
മാഞ്ഞു നീ യാത്രാമൊഴിയേകീടാതെ
അറിയാതെയാമഴ തോർന്നുവെങ്കിലും
ഇന്നു നീ പാറുന്നു മനതാരിലായി



ജിനു പോൾ

# കലാലയ ജീവിതം – മാറുന്ന മുഖം.

ക്യാമ്പസ് ഒരു വികാരമാണ്. പോയ കാലത്തിന്റെ നൊമ്പരപ്പെടുത്തുന്ന, ഇനിയും കിട്ടാൻ കൊതിക്കുന്ന ഗൃഹാതുരസ്മരണയാണ്. ക്യാമ്പസ് എന്ന വാക്ക് കേൾക്കുമ്പോൾ ഒരു നേർത്ത നിശ്വാസമുണ്ടാകാത്ത അതല്ലെങ്കിൽ ആ സുവർണ്ണ കാലത്തെക്കുറിച്ച് ഓർമ്മിക്കാത്ത ഒരു തലമുറ കുറച്ചു നാൾ മുമ്പു വരെ നമുക്കന്യമായിരുന്നു. ക്യാമ്പസിലേക്ക് തന്റെ ആദ്യ ചുവട് ഭയത്തോടെ വെയ്ക്കുന്നവരാണെങ്കിലും അവിടെ നിന്നും യാത്ര പറയുമ്പോൾ ഒരു തുള്ളി കണ്ണീർ പൊടിക്കാത്ത ഒരുപാട് കളിചിരികൾ സമ്മാനിച്ച, സ്നേഹം പൂവിട്ടതോർത്ത് ഹൃദയം ഒന്ന് പിടയ്ക്കാത്ത, ഒരു തുള്ളി കണ്ണുനീരിന്റെ നനവോടെ ക്ലാസിനെതിരെ, നടന്നു നീങ്ങിയ പാതയോരങ്ങളിലൂടെ ഇനിയൊരിക്കലും തിരിച്ച് നടക്കാനും, തോളോടു തോളുരുമി നടന്ന കൂട്ടുകാരുമില്ലാത്ത ആ ക്യാമ്പസിന്റെ ഇടനാഴികളെക്കുറിച്ചോർത്ത് വിതുമ്പാത്തവരുണ്ടാവില്ല.

പക്ഷ, ഇന്ന് അവയെ ഒരു മൂലയിൽ ഒതുക്കി സ്വാശ്രയ കോളേജുകളുടെ ബോർഡുകൾ മുമ്പിൽ തിളങ്ങി നിൽക്കുകയാണ്. കവിതകളെയും കഥകളെയും ഇഷ്ടപ്പെട്ടിരുന്ന സർഗാത്മകതയെ സ്നേഹിച്ചിരുന്ന പഴയ കലാലയങ്ങൾ ബന്ധങ്ങളുടെ മതിൽക്കെട്ടായിരുന്നു. സുഹൃത് ബന്ധങ്ങൾക്ക് രക്തബന്ധങ്ങളെക്കാൾ ശക്തിയുണ്ടായിരുന്നു. കാലങ്ങൾക്കു ശേഷവും ആ ബന്ധത്തിന്റെ തീവ്രത വളർന്നിരുന്നു. ഒരു പൊതിച്ചോറ് 10 പേർ ഒരുമിച്ച് കഴിച്ചിരുന്ന ക്യാമ്പസ് പോയ് മറഞ്ഞു. ഇന്നത്തെ സംസ്കാരം റെഡിമെയ്ഡ് ഫാഷനുകളിലും റ്റി. വി. ചാനലുകളിലും ഇന്റർനെറ്റുകളിലും തളിർത്തു കിടക്കുകയാണ്. സ്വന്തം കരിയറും ക്യാമ്പസ് പ്ലെയ്സ്മെന്റും മാത്രം എന്ന ഉദ്ദേശ്യത്തോട പഠനത്തിൽ ശ്രദ്ധ നൽകുന്നവരെയാണ് സമൂഹം അംഗീകരിക്കുന്നത് എന്ന തോന്നലാകാം വിലപ്പെട്ട ബന്ധങ്ങളെ തകർക്കുന്നത്.

പ്രണയം – അതിനും സംഭവിച്ചിരിക്കുന്നു വൈവിധ്യങ്ങൾ. പ്രണയം ജീവിത സഖിയായി മാറുന്ന, നേർത്ത നൊമ്പരമായി മനസ്സിന്റെ കോണിൽ മറയുന്ന കാലം ഓർമ്മയിൽ മാത്രം.

വിദ്യാർത്ഥി രാഷ്ട്രീയം – അതിന്റെ പേര് തന്നെ മാറ്റേണ്ടിയിരുന്നു. വിദ്യാർത്ഥികളല്ല, മറിച്ച് കൊതി മൂത്ത രാഷ്ട്രീയ വമ്പന്മാരാണ് ഇന്നത്തെ ക്യാമ്പസ് രാഷ്ട്രീയത്തിന്റെ പിന്നിൽ

ഒന്ന് ഓർമ്മിക്കുക, നാം ജീവിക്കുന്ന ഈ മതിൽക്കെട്ടിനപ്പുറത്ത് വിശാലമായ ഒരു സമൂഹമുണ്ട്. അവിടെ ജീവനുള്ള, പ്രതികരണ ശേഷിയുള്ള സൗഹൃദത്തിന്റെ വിലയറിയുന്ന കണ്ണീരിന്റെ രുചിയറിയുന്ന കുറെയേറെപ്പേർ ജീവിക്കുന്നുണ്ട്.





ആഷ്ന ആന്റണി

# സെൽഫിസ്റ്റിക്കുകൾ മന്ത്രവടികളാകുമ്പോൾ

ലോകം മുഴുവൻ ഇന്ന് സെൽഫിസ്റ്റിക്കുകൾക്ക് പിന്നാലെയാണ്. സോഷ്യൽ മീഡിയകളിൽ ജീവിതം നയിക്കുന്ന യുവതലമുറകൾക്ക് ഒരു പുത്തൻ വിദ്യയായി സെൽഫി മാറിയപ്പോൾ അതിന്റെ സാധ്യതകളിൽ അവർ സ്വയം മറന്നു പോകുന്നു.. എത്ര വേഷം കെട്ടിയിട്ടാണെങ്കിലും ആരെ കൊന്നിട്ടാണെങ്കിലും 'സെൽഫി' പോസ്റ്റ് ചെയ്ത് പരമാവധി ലൈക്ക് നേടണമെന്ന ആഗ്രഹത്തിൽ മാത്രം മറ്റെല്ലാം മറന്നാണ് അവരുടെ ചിന്തകൾ. തനിക്ക് നേരെ നിറതോക്ക് ചൂണ്ടിയും ഉയരമുള്ള കെട്ടിടത്തിന് മുകളിൽ വലിഞ്ഞുകയറിയും ജീവൻ തന്നെ പണയപ്പെടുത്തിയും സെൽഫികളുടെ പ്രളയം തന്നെ സൃഷ്ടിക്കുന്നു. അവർ ഇതുവഴി അപകടങ്ങൾ ഉണ്ടാക്കുവാൻ സാദ്ധ്യത ഏറെയാണ്. ഇന്ത്യയിലെ അപകട സെൽഫികളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും ചൈന, റഷ്യ പോലുള്ള വിദേശ രാജ്യങ്ങളിൽ അപകട സെൽഫികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. യുവാക്കളാണ് ഇതിൽ കൂടുതലും ഇരയാകുന്നത്. ഈ വർഷം ഇതുവരെ പത്തിലേറെ പേരാണ് റഷ്യയിൽ അപകട സെൽഫി വഴി ജീവൻ നഷ്ടപ്പെടുത്തിയത്. പരിക്കേറ്റവരുടെ എണ്ണമാകട്ടെ നൂറിൽ കവിയുകയും ചെയ്തു. യുവാക്കൾ സെൽഫിക്ക് പുറകെ പായുമ്പോൾ, റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തങ്ങളുടെ പാർട്ടിയെ യുവാക്കൾക്കു മുമ്പിൽ എത്തിക്കാൻ കണ്ടെത്തിയ മാർഗ്ഗവും 'സെൽഫി' തന്നെ. ലെനിൻ പ്രതിമയ്ക്കൊപ്പമുള്ള മികച്ച 'സെൽഫിക്ക്' സമ്മാനം വരെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സെൽഫി അടവിൽ സെൽഫി ഭ്രാന്തുമായി നടക്കുന്ന യുവാക്കൾ വീഴുമെന്ന കാര്യത്തിൽ സംശയമില്ല.

അപകടകരമായ ഇത്തരം സെൽഫികൾക്കെതിരെ ബോധവത്കരണം നടത്തേണ്ടതിയാണ്. ജീവൻ പണയപ്പെടുത്തിയുള്ള സെൽഫികൾക്കെതിരെ റഷ്യയിൽ സേഫ് സെൽഫി എന്റെ പേരിൽ ബോധവത്ക്കരെണം തന്നെ നടത്തുന്നു. 'സേഫ് സെൽഫി' പരസ്യങ്ങളും ലഘു രേഖകളും ഇതിനോടകം തന്നെ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. ബോധവത്ക്കരണം വഴി ഈ സെൽഫി ഭ്രാന്ത് പൂർണ്ണമായും നീങ്ങുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അപകടകരമായ സെൽഫി വഴി നേട്ടമാണോ കോട്ടമാണോ ഉണ്ടാവുക എന്ന് ഒരു നിമിഷം ചിന്തിക്കാം.

കൗതുക സെൽഫികൾ വിദൂരസ്ഥമായവയെ സമീപസ്ഥമാക്കുന്നു. സമീപസ്ഥമായവയെ ഹൃദിസ്ഥമാക്കുന്നു. സാങ്കേതികയുടെ മാസ്മരിക സാധ്യതകളെ മരണത്തിന്റെ നിഗൂഢതയിൽ നമുക്ക് തള്ളാതിരിക്കാം.



# ഓർമ്മച്ചെപ്പ്

ഓർമ്മച്ചെപ്പ്

അനൂപ് കെ.എസ്.

പണ്ടത്തെ കൂട്ടുകാരും പണ്ടത്തെ നാടും വീടും
ഓർമ്മകളിൽ ഓടിയെത്തുമ്പോൾ
ഉള്ളു തുളുമ്പുന്നു.
അറിയാതെന്നുള്ളിൽ നിന്നും
എവിടേയ്ക്കോ പോയ ബാല്യം
ഓടി വന്നെന്നെ തട്ടി ഉണർത്തുമ്പോൾ,
നെഞ്ചു പിടയുന്നു., എന്റെ കണ്ണു നനയുന്നു.
ചേമ്പിലത്താളാൽ കുടചൂടി
പൊട്ടിയ സ്ളേറ്റൊന്ന് നെഞ്ചിലൊതുക്കി
ഓടിക്കിതച്ചെന്നും സ്കൂളിലെത്തുവാൻ
കൊതിയൊന്നില്ലേ....
ഇന്നും കൊതിയൊന്നില്ലേ.....
മഴച്ചാറ്റിൽ മാമ്പഴം വീഴുമ്പോൾ കൊതിയോടത് ഓടിയെടുത്ത്
ഉപ്പു പുരട്ടീട്ടൊന്നു കടിക്കുവാൻ കൊതിതോന്നില്ലേ......
കടലാസു വഞ്ചിയുണ്ടാക്കി ഒരുമിച്ചൊന്നക്കരെ പോകാൻ
കണ്ടു നിന്ന പെണ്ണേ നീയിന്നെവിടെയാണ്.....?



# ഓണാഘോഷം








രേവതി തങ്കച്ചൻ



# അവൾക്കറിയാം കഥ പറയാൻ...

അവൾ സോഫിയ, ഞാൻ കണ്ടിട്ടില്ലാത്ത എന്റെ കൂട്ടുകാരി. കൂട്ടുകാരി എന്നാൽ എപ്പോഴും കൂടെയുണ്ടാവുന്നവൾ എന്നു വേണം കരുതാൻ. പക്ഷേ, ഇങ്ങനെയൊന്നുമല്ല. അവളെ ഞാൻ കണ്ടിട്ടേയില്ല, അവളുടെ ശബ്ദം എനിക്കറിയാം. അവൾ പതിമൂന്നു വർഷങ്ങൾക്കു മുമ്പേ എന്നെ അറിയുന്ന വളാണ്. അത് അവൾ എന്നോട് പറഞ്ഞിട്ടുള്ളതുമാണ്.

ഒരിക്കൽ തിരുവനന്തപുരത്ത് ഒരു നാടകം കാണാൻ അവൾ വന്നിരുന്നു. ഒരു വലിയ സിനിമാ നടൻ ആദ്യമായി നാടകം ചെയ്യുന്നു. ഞാനും പോയിരുന്നു നാടകം കാണാൻ. ആ നടൻ, എനിക്ക് പ്രിയപ്പെട്ട മലയാള സാഹിത്യങ്ങളെ അർത്ഥ സമ്പുഷ്ടമാക്കിയ, പത്തു കഥാപാത്രങ്ങളായി അരങ്ങിൽ വേഷമിട്ടു. ആളുകൾ ഒരാരവമായി അയാൾക്ക് ചുറ്റും കൂടുന്നു. ഒരു തിരക്കിൽ നിന്നും മറ്റൊരു തിരക്കിലേക്കായി അയാൾ ഒഴികുന്നു. അയാളുടെ ഓരോ അണുവിലും നടനത്തിന്റെ അപൂർവ്വമായ തെളിച്ചം. അതിന്റെ പ്രകാശം അവിടെ മുഴുവനും പരക്കുന്നു. അയാളുടെ കൈവിരലുകൾ എന്റെ കൈകളിൽ മുറുകെ പിടിച്ചു."ചെയ്തു തീർത്ത കാര്യത്തിനഭിപ്രായം കേൾക്കുന്നത് സുഖമാണ്, അത് സന്തോഷിപ്പിക്കുന്ന താണെങ്കിൽ..." ഇതെന്റെ ചെവിയിൽ ആ മഹാനടൻ പറഞ്ഞു.

"നിന്നെ അയാളിങ്ങനെ ചേർത്ത് പിടിച്ച് ചെവിയിൽ എന്തോ പറഞ്ഞില്ലേ, അപ്പോ നീ നോക്കിയത് എന്നെ ആയിരുന്നു, അയാളുടെ പിന്നിലായ് നിന്നത് ഞാനായിരുന്നു... ഒരു വെള്ള സാരി... നെറയെ കറുത്ത പൂക്കള് മുന്താണീല്... ആൾക്കാരങ്ങനെവന്ന് പൊതിയുമ്പോ ഞാൻ ഞെരിപിരി കൊള്ളുമ്പോ നീ പറഞ്ഞു ഒതുങ്ങി നിൽക്കാൻ... ന്ട്ട് നീ ഇത്തിരി സ്ഥലം ഉണ്ടാക്കി എന്നെ ആ ആളുകളുടെ മുന്നിലേക്ക് നീക്കി നിർത്തുകയും ചെയ്തു. ഇപ്പോ ഓർമ്മയുണ്ടോ ആ ആളുടെ കൂടെ നിർത്തി ഫോട്ടോ എടുക്കുകയും ചെയ്തു. അപ്പോ നീ മാറി നിൽക്കാൻ പോയപ്പോൾ നിന്നെയും വിളിച്ചുനിർത്തി. നിനക്കറിയോ? ആ ഫോട്ടോ ഇപ്പോഴും എന്റെ ഡയറിയിൽ ഉണ്ട്. ഓരോ വർഷവും മാറി മാറി വരുന്ന ഡയറിയിൽ ഞാനത് സൂക്ഷിക്കുന്നുണ്ട്. എന്നെക്കുറിച്ച് നിനക്കറിയാം എന്നത് എന്നെ വ്യാകുലപ്പെടുത്തുന്നതല്ല. എന്നാലും നിന്നോടെനിക്കെന്തൊക്കെയോ പറയണമെന്ന് ആഗ്രഹമുണ്ട്. അതിനുവേണ്ടി മാത്രമാണ് നിന്നെ ഞാൻ തിരഞ്ഞു കണ്ടെത്തിയത്. നിന്നെ കണ്ടില്ലായിരുന്നെങ്കിൽ എന്താവുമെന്ന് എനിക്കറിയില്ല. നിനക്ക് അതൊക്കെ കേൾക്കാനുള്ള സമയം ഉണ്ടാകുമോ?"

ഫെയ്സ്ബുക്കിലാണ് ഞാൻ അവളെ കണ്ടത്. അവൾ ഒരു മുഖചിത്രം പരസ്യപ്പെടുത്തിയിരുന്നു. എന്തിനായിരുന്നു അവളെന്നെ പരിചയപ്പെട്ടത് എന്നതിന് കാര്യമുണ്ട്. പതിമൂന്ന് വർഷങ്ങൾക്ക് മുമ്പ് ഓർമയിൽ കരുതുകയും പിന്നീട് പരിചയപ്പെടാനുള്ള വഴി കാണുകയും ചെയ്തിട്ടൊടുവിൽ അവളെന്നെ വിളിക്കുവാനും എനിക്കെഴുതുവാനും തുടങ്ങിയിട്ട് ആയി സമയം കണ്ടെത്തിയിട്ട് ഇത് ഇരുപത്തിയാറ് മാസം.

അപരിചിതരായ രണ്ടുപേർ ഇന്ന് ഏതെങ്കിലും വഴിയിൽ പരിചിതരാകുമ്പോൾ ഭയപ്പെടണമെന്നാണ് ഒന്നാം വാക്യം. എനിക്കറിയാവുന്ന അവളുടെ പിറകെ ഉള്ള സഞ്ചാരം ഞാൻ വെറുതെ എന്റെ പുസ്തക പേജിൽ എഴുതി വച്ചു. സത്യത്തിൽ ചിലയാത്രകൾ മറ്റുള്ളവർ പറയുന്നതുപോലെയോ കാണുന്നതുപോലെയോ അല്ല. സഞ്ചാരം ഒന്നിൽ നിന്ന് തുടങ്ങി അതിൽ തന്നെ അവസാനിക്കുന്നതാണ്. അജ്ഞതയുടെ പിന്നാലെ നീങ്ങുന്നവൻ ഇരുട്ടിന്റെ ആഴങ്ങളിൽ പതിക്കുന്നു, എന്നാൽ ജ്ഞാനത്തെ ആരാധിക്കുന്നവൻ മഹാന്ധകാരത്തിലും. സോഫിയ എന്ന അജ്ഞതയിൽ ഞാൻ പ്രകാശം കാണുന്നു. അത് തിരിച്ചറിവിലേക്കുള്ള യാത്രയാകാം. കാരണം അവൾക്കറിയാത്തതായി ഒന്നുമില്ല എന്നത് എന്റെ കാഴ്ചയുമാകാം. ലോകം മുഴുവൻ ചുറ്റുന്നവൻ കാണുന്നതും അറിയുന്നതും ലോകത്തെ ആകില്ല. എന്നാൽ അതറിയാനുള്ള ശ്രമം മാത്രമാകുന്നു. ഭൂമിയിൽ പാപവും പുണ്യവുമെന്നത് ആരുടെ ദർശനത്തിന്റെ കണക്കെടുപ്പാണ്. ഒരു പുതുനിർമ്മിതിയിൽ വീണ്ടും ഒരുമയുടെ വർണം. വിതറുന്ന വിശ്വാസം. അവളുടെ ഫോൺ നമ്പർ നിശബ്ദം. ഒരു കാറ്റ് സകല ബന്ധങ്ങളെയും തൂത്തുമാച്ചിരിക്കുന്നു.







# Time - A Critical Factor For Success

Greeshma Clement

Everybody, a nursery kid to a medical student, a business magnate to a CEO, a house wife to a receptionist complain "no time". Have you ever thought of it? Why people lack time? Let's think.

Baltasar Gracian says "nothing really belongs to us, but time, which even he, who has nothing else". Yes! we are endowed with the free gift of time. Still we say, "no time" because we don't know how to spend this precious commodity carefully, effectively and wisely.

Of course we need time for daily routines. Besides this, we need time to spend with our family and friends, in creative and re-creative activities and so on. And so you can see why the management of time becomes such a crucial factor in your life. What is time management?

A few minutes of reflection will tell you that, the quality of our attention varies at with time to time. If you are tired, you cannot concentrate, On the other hand, on certain days, you are more alert. In this context, we can remember a principle the 80:20 rule. It states "the significant items of a given group, from a relatively small part of the total". This means, while you do something without the proper planning, your work is 80% and the result is only 20%. Instead, if you are successful in time management, you can achieve 80% with an effort of 20%. So you can succeed in your life, if you can succeed in managing personal time properly.

Time management is not a complex affair, but it is the unavoidable path that simplifies the big and small problems we come across. The fundamental steps of time management are:

Identify long term goals: A goal is a deliberately selected result that can be won by dedicated and prolonged effort. For example: My goal is to become a member of the editorial board of "The Hindu"


Find out short term goals: Short term goals are results to be achieved within a short period. For example: I should complete UG course in flying colours and secure an admission for PG course in EFLU, Hyderabad.

Identify the objectives: An objective is something tangible, specific and immediately attainable. For example, I should pass the next semester exams, in A grade.

Make use of your best time: Programme your day, so that the best time is given to the highest grade activities, such as learning 'poetry'.

Learn to say "no": It's not good, talking about planning our day, in order to achieve our objectives, if our day is already filled with activities that bear no relation to them at all. This happens when it is hard to say no. For example, Say 'no' to a friend's invitation for chatting in Face book.

So, as far as students are concerned, the need of the hour is nothing other than, studying with proper time management. Thus, remember, as time is essential, time management is more essential.



# ശിലായുഗം


കാലത്തിന്റെ കരിമ്പടം മാറ്റി ഞാനുണരവേ
ഭാനു എൻ സുസ്മിതം കൈയാൽ തലോടുന്നു
ഉള്ളിൽ കറുത്ത വികാരങ്ങൾക്കപ്പുറം
മൂടുപടം മാത്രമല്ലയോ പുഞ്ചിരി
ഹവ്വിർസുഗന്ധമൊഴുകുമിടനാഴികളിൽ
ആരെയോ തേടിയലഞ്ഞിരുന്ന കാലം
കൂട്ടിനായെത്തും മൂവന്തിയിലെന്നിലെ
ബിംബത്തെയും മറന്നെൻ നിഴൽ മാഞ്ഞു
ആതിര വീശുമാ ആവണി സന്ധ്യയിൽ
ആലാപനത്തിന്റെ നിസ്വനമേകുവാൻ
ഓടിയെത്തുന്നീ നിശാമാരുതനോടും ചോദിച്ചു
കണ്ടുവോ നിൻ നേർത്ത നിഴൽ
ശിഥിലമാം രാത്രി ചിരിച്ചു പിശാചുപോൽ
ശിശിര ഹേമന്തങ്ങളിന്നെങ്ങോ മറഞ്ഞുപോയ്
കടലും കയങ്ങളും താണ്ടി ഞാൻ ചെന്നിട്ടു-
മെവിടെയും കണ്ടില്ലയെന്നെ ഞാനിന്നുമേ
രാത്രി മുഴുവൻ പ്രയാണമെന്നാകിലും
അമ്മതൻ ചാരെ നെഞ്ചിലെ മാധുര്യമല്ലയോ
ഏതൊരു മർത്യനും സ്വാന്തനമെങ്കിലും
അമ്മതൻ മാറിൽനിന്നോടിയകന്നിതാ-
ഇത്രമേൽ ക്രൂരമായ് തീർന്നിതിന്നിൻ മനം
നെഞ്ചുതുറന്നു നീ നേരിനെകാട്ടുകിൽ
നിൻ ദുഃഖഭാരമിറക്കി നീ വയ്ക്കുകിൽ
ആരും ചെവിതരില്ലെന്നു നീയോർക്കുകിൽ
അത്ര കഠിനമായ്ത്തീർന്നീ ശിലായുഗം




അക്ഷയ് ഇ.ബി. CS3

# X AND Y

ഒന്നും എഴുതാൻ ലഭിക്കാതെ ആ മനോവിഷമത്തിൽ ഇരിക്കുമ്പോഴാണ് ഞാൻ ബ്ലാക്ക് ബോർഡിലേക്ക് നോക്കിയത്. അവിടെ ഞാൻ ഒരു കദനകഥ കണ്ടു. നെടുവീർപ്പുകളുടെയും നൊമ്പരങ്ങളുടെയും സഹനങ്ങളുടെയും കഥ. ഞാൻ എട്ടാം ക്ലാസ്സ് തൊട്ട് എല്ലാ മിക്ക Maths ക്ലാസ്സുകളിലും ഇവരെ ബ്ലാക്ക് ബോർഡിൽ കാണാറുണ്ടായിരുന്നു. പക്ഷേ ഞാനിപ്പോഴാണ് ഇവർക്ക് പറയാനുള്ള നൊമ്പരങ്ങൾക്കു കാതോർക്കുന്നത്. അവർ മറ്റാരുമല്ല നമുക്ക് സുപരിചിതരായ X ഉം Y ഉം . നാം ആദ്യമായി ഇവരെ കാണുന്നത് ഇംഗ്ലീഷിലാണെങ്കിലും നമുക്ക് ഏറ്റവും പാരയായത് Maths ൽ തന്നെയാണ്. ഒരു പക്ഷേ X ഉം Y ഉം കണക്കിനായി നമ്മുടെ ജീവിതം ഹോമിച്ചതായിരിക്കാം. Differentiation, Integration, ലും Area കളിലും ഇവർ നിറഞ്ഞാടുന്നു. പക്ഷേ ഇവരുടെ വിഷമങ്ങൾ നമ്മൾ ആരെങ്കിലും ശ്രദ്ധി ക്കാറുണ്ടോ. പരീക്ഷകളിൽ Differentiation ഉം Integration ഉം Degree Equationvg തെറ്റി എത്ര പേരാണ് തോറ്റു പോകുന്നത്. എട്ടാം ക്ലാസ്സ് തൊട്ടു പിന്നങ്ങോട്ട് കണക്കിന് തോറ്റുപോകുന്ന ഓരോ വ്യക്തിയും ഈ X നെയും Y യെയും ശപിക്കാതെ ഇരുന്നിട്ടുണ്ടാവില്ല. ഈ പാപഭാരങ്ങൾ അവർ എവിടെ കൊണ്ടുപോയി ഇറക്കി വയ്ക്കും. അവരുടെ ഈ വിഷമത്തിലേക്ക് ആരും കടന്ന് ചെല്ലാറില്ല. പിന്നെയും പിന്നെയും Maths ടീച്ചർമാർ കരുക്കളാക്കി കൊണ്ടിരിക്കുന്നു. എനിക്ക് സന്തോഷമുണ്ട്. അവരുടെ വിഷമം എനിക്കെങ്കിലും മനസ്സിലാക്കാൻ സാധിച്ചുവല്ലോ.





അനീറ്റ മാത്യു



# ഐലൻ നമ്മെ എന്തു പഠിപ്പിച്ചു?

യുദ്ധത്തിന്റെ മുഖം ഭീകരമാണ്' എന്ന പ്രയോഗം ആവർത്തനം കൊണ്ട് വിരസമാണെങ്കിലും അതിന്റെ സമകാലിക പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്ന് കാലം നമ്മെ അടിക്കടി ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. യുദ്ധത്തിന്റെ അനന്തര ഫലങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് സ്ത്രീകളെയും കുട്ടികളെയുമാണ്. സെപ്റ്റംബർ ആദ്യവാരത്തിൽ ലോകമെമ്പാടുമുള്ള മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന തുർക്കി വാർത്താ ഏജൻസിയുടെ ഛായാഗ്രഹ നിലുഫർ ഡമീർ എടുത്ത സിറിയൻ ബാലൻ ഐലൻ കുർദിയുടെ ചേതനയറ്റ ചിത്രം അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ്.

ചുവന്ന ടീ ഷർട്ടും ഡെനിം നിക്കറും ധരിച്ച് കടൽ ചെയ്തു പോയ തെറ്റിന് മാപ്പിരക്കുന്നതുപോലെ തിരകൾ തലോടി ഓമനിക്കുന്ന മൂന്നുവയസ്സുകാരൻ ഐലൻ കുർദിയുടെ ചിത്രം നനയിക്കാത്ത കണ്ണുകൾ ലോകത്തെവിടെയും ഉണ്ടാകില്ല. വലിയ അഭയാർത്ഥി പ്രവാഹമെന്നാണ് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷന് (IOM) സിറിയയിലെ അഭയാർത്ഥിപ്രവാഹത്തെ വിശേഷിപ്പിച്ചത്. എട്ടു ലക്ഷത്തോളം പേർ രാജ്യത്തിനുള്ളിൽ തന്നെ പലയിടത്തായി ചിതറിപ്പോയി. നാലുലക്ഷത്തിലേറെ പേർ നാടു വിട്ടു. ഈ അഭയാർത്ഥികൾ അനുഭവിക്കുന്ന ദുരിതങ്ങൾ ഏറെയാണ് ഇവരെക്കുറിച്ച് വ്യക്തമായ രേഖകളോ എണ്ണമോ ഇല്ല. ഇവർക്ക് എന്തു സംഭവിക്കുന്നുവെന്ന് പുറം ലോകമറിയുന്നില്ല.

ഇത്തരത്തിലുള്ള ലക്ഷക്കണക്കിന് അഭയാർത്ഥികളുടെ ദുരിതങ്ങൾ ലോകം തിരിച്ചറിഞ്ഞത് ഐലനിലൂടെയാണ് തന്റെ ചിത്രത്തിലൂടെ ഐലൻ എന്ന കൊച്ചു ബാലന്റെ നിശബ്ദ രോദനം ലോകത്തെ കേൾപ്പിക്കാൻ നിലുഫർ ഡമീറിന് സാധിച്ചു. സിറിയൻ അഭയാർത്ഥികൾക്കായി തുറക്കാൻ മടിച്ചിരുന്ന പല വാതിലുകളും വലിച്ച് തുറക്കാൻ അവന്റെ ദീനരോദനത്തിനായി ഈ ചിത്രം കാണുമ്പോൾ ഓർത്തു പോകുന്നത് താലിബാന്റെ തോക്കിനെതിരായി നിർഭയം പോരാടിയ മലാല യൂസഫ് സായിയുടെ വാക്കുകളാണ്. ഒഴിഞ്ഞ ക്ലാസ്സ് മുറികളുടെയും നഷ്ടപ്പെട്ട ബാല്യവും ഉപയോഗിക്കപ്പെടാതെ പോകുന്ന കഴിവുകളുള്ള അവസാനത്തെ തലമുറയാകട്ടെ ഇത്. ഫാക്ടറികളിൽ ബാല്യം കുരുതി കൊടുക്കപ്പെടേണ്ടി വരുന്നത് അവസാനിക്കട്ടെ. ഒരു പെൺകുട്ടി ശൈശവ വിവാഹത്തിന് നിർബന്ധിക്കപ്പെടുന്നത് ഇനി ഉണ്ടാകാതിരിക്കട്ടെ. ഒരു കുട്ടിയും യുദ്ധത്തിന്റെ ക്രൂരതയിൽ ബലി കഴിക്കപ്പെടുന്നതു ഇത് അവസാനമായിരിക്കട്ടെ".



അലിഷ & ശ്രീ ലക്ഷ്മി



THODUPUZHA

# ദേശത്തിന്റെ കഥ

ഞാൻ തൊടുപുഴ : പ്രകൃതി രമണീയമായ ഹൈറേഞ്ച് ഭൂപ്രദേശത്തേക്കുള്ള കവാടമായിട്ടാണ് എന്നെ വിശേഷിപ്പിക്കുന്നത്. ഇടുക്കി ജില്ലയിൽ വികസനത്തിന്റെ പടികൾ കീഴടക്കി മുന്നേറുന്ന ഒരു കൊച്ചു നഗരമാണ് ഞാൻ. കൊച്ചി നഗരത്തിൽ നിന്നും മറ്റ് ജില്ലകളിൽ നിന്നും വിനോദസഞ്ചാരത്തിനും മറ്റുമായി ഇടുക്കിയിൽ എത്തുന്നവരെ സ്വാഗതം ചെയ്യുന്നത് ഞാനാണ്. ഇടുക്കി ജില്ലയിലെ ഏറ്റവും വലിയ പട്ടണവും വാണിജ്യ കേന്ദ്രവുമായ എന്റെ ഓരോ സ്പന്ദനങ്ങളും അറിഞ്ഞ് എന്നോട് തൊട്ടുചേർന്നൊഴുകുന്ന പുഴയാണ് തൊടുപുഴയാറ്. തോട് പുഴയായി രൂപാന്തരപ്പെട്ടാണ് തൊടുപുഴയായതെന്നും, തോട്, പുഴ എന്നീ വാക്കുകൾ ലോപിച്ച് തൊടുപുഴയായെന്നുമാണ് എന്റെ പേരിനു പിന്നിലുള്ള കഥ. പുഴയോട് തൊട്ടു കിടക്കുന്നതിലാണ് എനിക്ക് ഈ പേര് വന്നതെന്നും ഒരു വാദമുണ്ട്.

വേണാട്, കോടനാട്, കീഴ്മലൈനാട് എന്നിങ്ങനെ പല പ്രവിശ്യകളിലായാണ് കുലശേഖര സാമ്രാജ്യ കാലഘട്ടത്തിൽ കേരളം നിലനിന്നിരുന്നത്. 17-ാം നൂറ്റാണ്ട് വരെ നിലവിലുണ്ടായിരുന്ന കീഴ്മലൈനാട് ഉൾപ്പെടുന്ന പ്രദേശമാണ് ഞാൻ. പിന്നീട് വടക്കുംകൂർ യുദ്ധത്തിൽ കീഴ്മലൈനാട് പരാജയപ്പെടുകയും വടക്കുംകൂറിൽ ലയിക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ പ്രതിനിധിയായി എന്റെ ഭരണം നിർവഹിക്കാൻ നാരായണമേനോനെ നിയമിച്ചു.

ഇദ്ദേഹമാണ് എന്റെ വികസനത്തിന് തുടക്കം കുറിച്ചത്. മുൻപ് എറണാകുളം ജില്ലയിലെ ഒരു താലൂക്ക് ആയിരുന്നു ഞാൻ. പിന്നീട് ഞാൻ ഇടുക്കിയുടെ ഭാഗമായി, ഇടുക്കി ജില്ലയിലെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായി മാറി.

1978 സെപ്റ്റംബർ ഒന്നിനാണ് ഞാൻ ഒരു മുനിസിപ്പാലിറ്റിയായിമാറിയത്, കട്ടപ്പന കൂടി മുനിസിപ്പാലിറ്റിയാകുന്നതോടെ ഇടുക്കി ജില്ലയിലെ ഏക നഗരസഭ എന്നപേര് എനിക്ക് നഷ്ടം ആശുമെങ്കിലും ജില്ലയിലെ ആദ്യ നഗരസഭ എന്ന ഖ്യാതി എനിക്കുമാത്രം സ്വന്തമാണ്. ഞാനും എന്റെ സമീപ പഞ്ചായത്തുകളായ മണക്കാട്, കുമാരമംഗലം, കാരിക്കോട് എന്നീ പഞ്ചായത്തുകളുടെ ചില ഭാഗങ്ങളും കൂട്ടിച്ചേർന്നാണ് എന്നെ ഒരു മിനിസിവിൽ സ്റ്റേഷന്റെ വിളിപ്പാടകലെ മനോഹരമായ തൊടുപുഴയാറിന്റെ കരയിലാണ് നഗരസഭയുടെ ആസ്ഥാനമന്ദിരം. ഉയർന്ന പാറക്കെട്ടുകളും കുന്നുകളും

സമതലങ്ങളുമുള്ള മനോഹരമായ ഒരു ഭൂപ്രദേശമാണ് ഞാൻ. ഒരേ സമയം ഇടുക്കി, കോട്ടയം, ഏറണാകുളം എന്നീ ജില്ലകളുടെ സാംസ്കാരിക സവിശേഷതകൾ സംഗമിക്കുന്നു എന്നൊരു സവിശേഷത കൂടി എനിക്കുണ്ട്. സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് അതിന്റെ പൂർണ്ണ ലക്ഷ്യത്തിൽ എത്തിക്കാൻ സാധിച്ചു വളരെ വ്യക്തമായ ഒരു ഉദാഹരണമാണ് ഞാൻ.


കേരളത്തിലെ മികച്ച നഗരസഭകളിലൊന്നായി എന്നെ മാറ്റിയെടുക്കാൻ എന്റെ ഭരണസമിതിക്ക് സാധിച്ചു, ഈ അടുത്ത കാലത്താണ് എന്റെ ഗ്രേഡ് എ ഗ്രേഡിലേക്ക് ഉയർത്തപ്പെട്ടത്. കേരളത്തിലെ മിക്കവാറും നഗരങ്ങൾ അഭിമുഖീകരിക്കുന്ന മാലിന്യസംസ്കരണത്തിൽ ഫലപ്രദമായ ഇടപെടലുകൾ എന്നിൽ നടത്താൻ എന്റെ കൗൺസിലിന് കഴിഞ്ഞു. കേരളത്തിലെ 64 നഗരങ്ങളെ പിൻതള്ളി ആരോഗ്യകേരള പുരസ്ക്കാരവും 10 ലക്ഷം രൂപയും നേടാനായത് എന്റെ നഗരസഭയുടെ മാലിന്യസംസ്ക്കരണ പദ്ധതിക്ക് സർക്കാർ നൽകിയ അംഗീകാരത്തിന്റെ തെളിവാണ്. മുണ്ടേക്കല്ലിൽ എം.വി.ഐ.പി.വക കോടികൾ വില മതിക്കുന്ന ഒരേക്കറിൽ പൊതുശ്മശാനം നിർമ്മിക്കാനും ഏഴോളം സ്വകാര്യ ആശുപത്രികളുള്ള എന്നിൽ ആവയെക്കാളൊക്കെ ഉയർന്ന നിലവാരത്തിൽ, ആധുനിക സൗകര്യങ്ങളോടു കൂടി എന്റെ താലൂക്ക് ആശുപത്രിയെ വളർത്തിയെടുക്കാനും എന്റെ നഗര സഭയ്ക്ക് കഴിഞ്ഞു.

52,049 പേർ അധിവസിക്കുന്ന ഞാൻ എന്ന നഗരം നാലു കോടിയിലേറെ രൂപയുമായി വാർഷിക വരുമാനത്തിലും മുന്നിലാണ്. എന്റെ മധ്യഭാഗത്തായുള്ള കുട്ടികളുളെ പാർക്ക് ഇവിടെയെത്തുന്ന യാത്രക്കാർക്കും കുട്ടികൾക്കും ഏറെ ആശ്വാസകരമാണ് പുഴയോരത്ത് സ്ഥിതി ചെയ്യുന്ന പാർക്ക് എന്റെ പ്രകൃതിഭംഗിയും കുളിർമയും വിളിച്ചറിയിക്കുന്നു. കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച എന്നെയും എറണാകുളത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ശബരി പാത എത്തുന്ന തോടെ എന്റെ മുഖച്ഛായ തന്നെ മാറി മറിയും, എന്റെ സമഗ്രവികസനം ഇതോടെ സാധ്യമാകും ശബരി പാത പൂർത്തിയാകുന്ന തോടെ എന്നിൽ നിന്ന് കൊച്ചിയിലേക്കുള്ള യാത്രസമയം ഒരു മണിക്കൂറായി കുറയും. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ ബൈപാസുകളുള്ള പ്രധാന സഗരം കൂടിയാണ് ഞാൻ. മങ്ങാട്ടുകവല- വെങ്ങല്ലൂർ, വെങ്ങല്ലൂർ- കോലാനി ചുങ്കം - മാരിയിൽകടവ്, കോതായിക്കുന്ന്, പാപ്പൂട്ടി ഹാൾ- വെങ്ങാല്ലൂർ, അമ്പലം ബൈപാസ് എന്നിങ്ങനെ ആറു ബൈപാസുകളാണ് ഇപ്പോൾ എന്നിലുള്ളത്. സിനിമക്കാരുടെ ഇഷ്ടലൊക്കേഷനുകളാണ് ഞാനും പരിസരവും. പണ്ട് മൂന്നാറും പരിസരവുമായിരുന്നു ഇടുക്കിയിൽ നിന്ന് വെള്ളിത്തിരയിൽ തെളിഞ്ഞിരുന്നത്. എന്നാൽ ഇന്ന് കഥയൊക്കെ മാറി, ഞാനും പട്ടണവും പരിസരവും മലയാള സിനിമയിലെത്തിയിട്ട് അരനൂറ്റാണ്ട് പിന്നിട്ടു. മലയോര ജില്ലയിലെ ഈ കൊച്ചു പട്ടണവും പരിസരവും അഭ്രപാളിയിൽ പ്രത്യക്ഷപ്പെട്ടത് 144 - ഓളം സിനിമകളിലാണ്. എന്റെ ലൊക്കേഷനുകളിൽ പിറന്ന മലയാള സിനിമകൾ ഭൂരിഭാഗവും ഹിറ്റായതോടെ ഞാൻ സിനിമ ലോകത്ത് സൂപ്പർ സ്റ്റാറാണ് ഇപ്പോൾ. എന്റെ സൗന്ദര്യം നേരത്തെ കണ്ടെത്തിയിരുന്നെങ്കിൽ തന്റെ പല ചിത്രങ്ങൾക്കും ഞാൻ ലൊക്കേഷനാകുമായിരുന്നുവെന്നാണ് കമൽ പറഞ്ഞത്. വെള്ളിമൂങ്ങ, ദൃശ്യം, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, ഓം ശാന്തി ഓശാന തുടങ്ങി നിരവധി ചിത്രങ്ങളിൽ എന്റെ മണ്ണും, മലകളും വീടും തോടുകളും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.



നൂറ്റാണ്ടുകളായി കുളിർമയും ശുദ്ധവായും നൽകുന്ന ഒരു വലിയ ഭൂപ്രദേശം എനിക്കുണ്ട്. പൈതൃകത്തിന്റെ പഴമ പേറി കണ്ണിന് പച്ചപ്പും മനസ്സിന് കുളിരും പകരുന്ന എന്റെ ഈ പ്രദേശത്തെ അമരം കാവ് എന്നാണ് പഴമക്കാരും പുതുതലമുറയും വിളിച്ച് വരുന്നത്. എന്നിൽ കൂണുകൾ പോലെ കോൺക്രീറ്റ് കെട്ടിടങ്ങൾ മുളച്ച് പൊന്തുമ്പോൾ എന്നിൽ നിന്ന് അകലെയല്ലാതെ നാലേക്കറോളം സ്ഥലമാണ് സസ്യജാലങ്ങളുടെ വൈവിധ്യത്തോടെ നിലനിൽക്കുന്നത്. കോലാനി ദേവസ്വ ത്തിന്റെ അധീനതയിലാണ് അമരം കാവ്. 1000 വർഷം പഴക്കമുള്ള കൂറ്റൻ മരങ്ങൾ മുതൽ വൈവിധ്യമാർന്ന ഒട്ടേറെ പക്ഷികളും പലതരം പാമ്പുകളും ഔഷധ സസ്യങ്ങളും നിറഞ്ഞ കാവ് കാഴ്ചക്കാർക്ക് എന്നും അത്ഭുതമാണ്. ഉള്ളിലേക്ക് കയറുമ്പോൾ തന്നെ മനസ്സും ശരീരവും കുളിരണിയിക്കുന്ന തണുപ്പ് നമ്മെ പുൽകും. 1000 വർഷം പിന്നിട്ടിട്ടും പ്രകൃതിയുടെ താളം ഇന്നും ഇവിടെ അലയടിക്കുന്നു. കേരളത്തിന്റെ പൈതൃക സ്വത്തായി കണക്കാക്കിയ 28 കാവുകളിൽ ഒന്നാണെന്ന പ്രത്യേകതയും അമരം കാവിനുണ്ട്. പ്രകൃതിയുടെ മടിത്തട്ടിൽ അൽപനേരം ഇരിക്കാനും പ്രകൃതിയെ അടുത്തറിയാനുമായി നിരവധി സഞ്ചാരികളാണ് ഇവിടെ എത്തുന്നത്.

എനിക്ക് പല മുഖങ്ങളും ഭാവങ്ങളുമാണുള്ളത്. ഒരു പക്ഷേ എന്നെ ഒരിക്കൽ അടുത്തറിഞ്ഞവർ എന്നെ നെഞ്ചോട് ചേർത്ത് വയ്ക്കുന്നത് ഈ വൈവിധ്യങ്ങൾ മൂലമായിരിക്കാം. വികസനവും പ്രകൃതിഭംഗിയും ഒരുപോലെ കാണാൻ പറ്റുന്ന മറ്റൊരു നഗരം നിങ്ങൾക്ക് കണ്ടെത്താൻ പറ്റില്ലെന്നാണ് എന്റെ വിശ്വാസം. ഞാൻ കാത്തിരിക്കുകയാണ് പുതിയ വികസനസ്വപ്നങ്ങളെ, എന്റെ പ്രിയ സഞ്ചാരികളെ.........................






അമൽ ഷാജു

# ഓർമ്മകൾ

ഇനിയും വരില്ലെന്നറിയാമെങ്കിലും
ഞാനാ കാലത്തെയാശിപ്പൂ
ഇന്നും എന്നും എൻ
മൃത്യുതൻ ഇടനാഴി വരെയും.
അത്രമേൽ ആർദ്രത എൻ
ഹൃത്താരിൽ പടർത്തിയ
ഓർമകൾ ചിതലരിക്കാതെ
നിത്യ വസന്തം ചൂടി നിൽക്കണമെൻ
അവസാനശ്വാസം വരെ.
എനിക്കായ് ഉദിച്ച പ്രഭാതങ്ങൾ
എനിക്കു തന്ന മധുര സ്വപ്നങ്ങൾ
ഓരോ പകലും എൻ ഹൃദയ തീരത്ത്
സ്മൃദികളായ് അലയടിക്കുന്നു.
എൻ പാദസ്പർശമേറ്റ പാതകൾ
എൻ ബാല്യം ചിലവഴിച്ച തോട്ടിറമ്പുകൾ
ഒന്നും മായാതെ മറിയാതെ ഇന്നും
നിറം ചാലിച്ചു നിൽക്കുന്നു എൻ കണ്ണിൽ.
ഈ വെയിലും മഴയും മഞ്ഞും
ഇളംകാറ്റും ഇന്നും എൻ
ഭൂതകാലത്തെയെന്നവണ്ണം
ഇന്നും നിത്യവസന്തം ചൂടി നിൽക്കുന്നു.
ഇവിടുത്തെ വെയിലിനും
മഞ്ഞിനും മഴയ്ക്കും ഇളംകാറ്റിനും
എന്നോട് മന്ത്രിക്കാനുള്ളത്
എന്നോർമകൾ മാത്രമാണ്
ഇടവപ്പാതിയിൽ എൻ തറവാട്ട് മുറ്റത്ത്
എനിക്കായ് പെയ്തലിഞ്ഞതും
എൻ നിദ്രയ്ക്കീണമായതും
നീയായിരുന്നു എൻ മഴയേ...
എനിക്കായ് നിഴൽ സൃഷ്ടിച്ചും
എന്നോടൊപ്പം സഞ്ചരിച്ചും
നീയുണ്ടായിരുന്നു എന്നിളവെയിലെ.
നിൻ അരുണശരങ്ങൾ
എനിക്കു നൽകിയത് സന്തോഷം.
കാലത്തിനപ്പുറം ഞാനെൻ
മനസ്സിന്റെ വാതായനത്തിലൂടെ
നോക്കുമ്പോൾ എനിക്കായ്
അവരുണ്ടായിരുന്നു
എൻ സുന്ദര സ്മൃതികൾ



# NSS



Nature Camp



Vegetable Garden





Agricultural farming programme





Independence Day





Cleaning







NCC


PILOT



CLEANING


Guard


INDEPENDENCE DAY








# ഞങ്ങളുടെ സമയാന്വേഷണ പരീക്ഷണങ്ങൾ

പ്രിയ അദ്ധ്യാപകരെ, മാതാപിതാക്കളെ,

പരീക്ഷയ്ക്ക് തോറ്റാൽ ഞങ്ങളെ കണ്ണുരുട്ടി ഭീഷണിപ്പെടുത്തുന്നത് നിങ്ങളല്ലേ? എന്നാൽ മനസ്സിലാക്കികൊള്ളു ഞങ്ങൾ പരീക്ഷയ്ക്ക് തോൽക്കുന്നത് ഞങ്ങളുടെ കുറ്റം കൊണ്ടല്ല, പഠിക്കാൻ സമയമില്ല. അതുകൊണ്ടാണ്; തെളിവു വേണോ?

ഒരു വർഷത്തിൽ ആകെ 365 ദിനങ്ങൾ അതിൽ 32 ഞായറാഴ്ചകൾ കടന്നു വരുന്നത് ഞങ്ങളുടെ കുറ്റം കൊണ്ടല്ലല്ലോ ഞായറാഴ്ചകളിൽ വിശ്രമിക്കണമെന്ന് ബൈബിളിൽ പോലും പറയുന്നു. ബാക്കി 313 ദിനങ്ങൾ അതിൽ 60 ദിവസം വേനലവധിയായി കടന്നു പോകുന്നതും ഞങ്ങളുടെ കുറ്റം കൊണ്ടല്ലല്ലോ? ഇത്രയും ചൂടുള്ള കാലാവസ്ഥയിൽ ഞങ്ങൾ എങ്ങനെപഠിക്കും അതായത് പഠിക്കാൻ കിട്ടുന്നത് 253 ദിനങ്ങൾ മാത്രം. ഇനി ദിവസം 8 മണിക്കൂറെങ്കിലും ഉറങ്ങണമല്ലോ അങ്ങനെ കണക്കു കൂട്ടുമ്പോൾ ഉറങ്ങാനായി 122 ദിനങ്ങൾ ഉറങ്ങുമ്പോൾ ഞങ്ങൾക്ക് പഠിക്കാൻ കഴിയില്ലല്ലോ? ഇനി പഠിക്കാനുള്ളത് 131 ദിനങ്ങൾ മാത്രം.

ദിവസത്തിൽ 1 മണിക്കൂറെങ്കിലും കളിക്കണം. അതുകൊണ്ട് വർഷത്തിൽ 15 ദിവസങ്ങളാണ് നഷ്ടമാകുന്നത്. ആയത് പഠിക്കാൻ 116 ദിനങ്ങൾ മാത്രം

ഇനിയോ ദിവസത്തിൽ മുഴുവൻ സമയവും വായനാ ബദ്ധരായിരിക്കുവാൻ ഞങ്ങൾ ശ്രമിക്കുമ്പോൾ 1 മണിക്കുറെങ്കിലും സംസാരിക്കുന്നത് നല്ലതാണെന്ന് ഉപദശിക്കുകയും ഞങ്ങൾ പറയുന്നത് കേൾക്കാൻ കാതുകൂർപ്പിച്ച് ഇരിക്കുകയും ചെയ്യുന്നത് പ്രിയ മാതാപിതാക്കളെ നിങ്ങൾ തന്നെയല്ലേ? ഫലമോ പഠനസമയം 101 ദിനങ്ങൾ മാത്രം


ഇനിയും പ്രാർത്ഥിച്ചില്ലെങ്കിൽ ഞങ്ങളെ വിപ്ലവകാരികളായി മുദ്ര കുത്താനും കുഴിമടിയരെന്ന് വിളിക്കാനും നിങ്ങൾക്ക് മടിയില്ലല്ലോ? ഇത്യാദി കാര്യങ്ങൾക്ക് പ്രതിദിനം 2 മണിക്കൂർ മാറ്റി വയ്ക്കുമ്പോൾ വർഷത്തിൽ 30 ദിനങ്ങൾ നഷ്ടം. ഇനി പഠിക്കാനുള്ളത് 71 ദിനങ്ങൾ

എന്തെ നെറ്റി ചുളിക്കുന്നത്.? അമ്പരപ്പു തോന്നുന്നുണ്ടോ? തീർന്നിട്ടില്ല... ഓണം ക്രിസ്തുമസ് അവധികൾ, പൂജവയ്പ് അവധികൾ, ഇടയ്ക്കും മുട്ടിനുമുള്ള ഉന്നതന്മാരുടെ മരണങ്ങളിൽ സർക്കാർ ഞെട്ടുമ്പോഴുണ്ടാകുന്ന അവധികൾ, പള്ളികൾ അമ്പലങ്ങൾ എന്നിവിടങ്ങളിലെ ഉത്സവങ്ങൾ, തിരുനാളുകൾ.... അവിടെ പോകാൻ നിർബന്ധിക്കുന്നതും നിങ്ങൾ തന്നെ. യുവജനോത്സവങ്ങൾ മറ്റ് കലോത്സവങ്ങൾ ഇവയെല്ലാംകൂടി വർഷത്തിൽ 40 ദിനങ്ങൾ ഞങ്ങൾക്ക് നഷ്ടമാകുന്നു. അതായത് 31 ദിനങ്ങൾ ബാക്കി ഈ ചുരുങ്ങിയ ദിവസങ്ങളെങ്കിലും പഠിക്കാമെന്നു വച്ചാലോ വരവായി വില്ലൻ സാക്ഷാൽ പരീക്ഷ. പരീക്ഷയ്ക്ക് ആവശ്യമായ ഫോം തയ്യാറാക്കി അയക്കൽ, ഫീസ് അടയ്ക്കൽ മുതലായ കാര്യങ്ങൾക്ക് ചുരുങ്ങിയത് നഷ്ടപ്പെടുന്നത് 10 ദിവസങ്ങൾ. അപ്പോൾ ഇനി പഠിക്കാനുള്ളത് 21 ദിവസങ്ങൾ

പിന്നെ വിദ്യാർത്ഥികളുടേതായി ചുരുങ്ങിയത് 5 സമരങ്ങൾ എങ്കിലും നടത്താറുണ്ടല്ലോ? അതിൽ പങ്കെടുത്താലും ഇല്ലെങ്കിലും...ഒരു പക്ഷേ രാഷ്ട്രീയം നിരോധിച്ച ക്യാമ്പസു കളാണെങ്കിൽ പോലും പുറത്തു നിന്നുള്ളവർ ഞങ്ങളുടെ ക്ലാസ്സ് നഷ്ടപ്പെടുത്തുന്നു. പിന്നെ ഹർത്താൽ ബന്ദ്, ബസ് സമരം എന്നിങ്ങനെയായി എത്ര ദിവസങ്ങൾ നഷ്ടമാകും. എല്ലാം കൂടി കുറഞ്ഞത് 14 ദിവസങ്ങൾ നഷ്ടമാകും. ബാക്കി 21-14 = 7 ദിനങ്ങൾ, ഇനി പനിയും ജലദോഷവും വന്നാൽ ഡോക്ടർമാർ 5 ദിവസമെങ്കിലും പരിപൂർണ്ണ വിശ്രമം നിർദ്ദേശിക്കുന്നു. ബാക്കിയുള്ളത് 2 ദിനങ്ങൾ... ഒരു ദിവസമെങ്കിലും വേണം ടൈംടേബിൾ ഉണ്ടാക്കാൻ, ബാക്കിയുള്ള ഒരു ദിവസം പഠിക്കാൻ തീരുമാനിച്ചാൽ തന്നെ ഏതു പഠിക്കണം എന്തു പഠിക്കണം എന്ന ചിന്താക്കുഴപ്പവും അസ്വസ്ഥതയും മൂലം ഞങ്ങളുടെ ആ ദിവസവും നഷ്ടപ്പെടുന്നു.

ഇനി ഞങ്ങളുടെ പ്രിയ അദ്ധ്യാപകരെ, മാതാപിതാക്കളെ പറയൂ. പഠിക്കാതെ ഞങ്ങൾ എങ്ങനെജയിക്കും? സമയം കിട്ടാതെ ഞങ്ങൾ എങ്ങനെ പഠിക്കും?





# A Friendship Day Poem

Sona Mathew Ls3

Here it comes,
The first Sunday of August
To cherish friendship
A day celebrated with cards,
Wishes, bands, status updates
Indebted to God,
For the adoring friends
He gifted me

Friends, we call them who
Share our joy and sorrow
They are our collaborates
They are the guardians
They are the caretakers
They are the adversaries
They are biggest troublemakers
They defend our secrets
Their names make our funny contacts,
Facebook friend list, Twitter
And Blog followers
They are messages, notifications
Likes, comments and pokes
They keep our phone buzzing

Missed calls or WhatsApp messages
They make our Birthdays
Remarkable,
Our school and college days
'Outstanding' extra ordinary
Our fears break their hearts
Our stupidity make their day
We dine, chatter, party, saunter, joke,
Peruse, observe, reason, hum
Ride, sleep together
We squabbled on chocolates
We fought on actors, movies, books
We fought again on marks.
This reasonable attachment entwined with love
Is called friendship
And our buddies
They are mostly us
They make our life



# ആ യാത്രയ്ക്കിടെ

സമയം 5:35...... കോളേജിൽ നിന്ന് വൈകിയീറങ്ങിയതിന് ആൻസിയുടെ വായിലിരിക്കുന്നതു മുഴുവൻ കേൾക്കേണ്ടി വരുമല്ലോ എന്നോർത്ത് നടപ്പിന് ഞാനല്പം വേഗം കൂട്ടി. ചാപ്പലിന് വെളിയിലുള്ള സിറ്റിംഗ് ബഞ്ചിലാണ് അവളെന്നും കാത്തിരിക്കുക. അവളെ എന്തു പറഞ്ഞ് സമാധാനിപ്പിക്കും എന്നോർത്ത്, നെഞ്ചു വിരിച്ചുനിൽക്കുന്ന അരണമരങ്ങൾക്കിടയിലൂടെ ഞാനങ്ങോട്ടു നോക്കി. അക്ഷമയായി അവളങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതും ഇടയ്ക്കിടെ വാച്ചിൽ നോക്കുന്നതും കണ്ടപ്പോൾതന്നെ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എനിക്ക് മനസ്സിലായി. പക്ഷേ അവളെന്നെ കണ്ടുകഴിഞ്ഞു. നുണയൊന്നും ഓർമ്മയിൽ വരുന്നുമില്ല. അവൾ രണ്ടു കയ്യും എളിയിൽ തിരുകി എന്റെ വരവും നോക്കി നിൽക്കുകയാണ്. ഞാനുള്ള സത്യം പറയാൻ തീരുമാനിച്ചു. എക്സ്പിരിമെന്റ് ചെയ്യാനുള്ള ചെടി അന്വേഷിച്ച് അടുത്തുള്ള ഒരു കാവിൽ പോയതും, പാമ്പിനെകണ്ട് പേടിച്ചോടി വഴിതെറ്റി, തൊട്ടടുത്ത ടൗണിൽ എത്തിയതു മെല്ലാം ഞാനവളോട് പറഞ്ഞു. മറുപടിയായി ഒരു ചിരിയിലൊതുക്കി , " വാ .... പോകാം" എന്നു പറഞ്ഞ് എന്റെ കൈയ്യും പിടിച്ച് അവൾ നടന്നു. ബസ് സ്റ്റോപ്പിലെത്തിയപ്പോഴേക്കും സമയം 5.45. അവിടെ ബസുകാത്തു നിൽക്കുന്നവർ ഞങ്ങളെ രണ്ടു പേരെയും തുറിച്ച് നോക്കുന്നത് കാണാമായിരുന്നു. ഏകദേശം 45 വയസ്സു തോന്നിച്ച ഒരു സ്ത്രീ "എന്താ താമസിച്ചേ.... എവിടേക്കാ പോകണ്ടേ... തനിച്ചാണോ..." എന്നൊക്കെ ചോദിച്ച് അടുത്തുകൂടി. മറുപടി ഒറ്റ വാക്കിലൊതുക്കി ഞാൻ മുഖം തിരിച്ചു. ഇതിലൊന്നും വലിയ ശ്രദ്ധ കൊടുക്കാതെ നിന്ന ആൻസി പെട്ടന്ന് തിരിഞ്ഞു പറഞ്ഞു. " ഇത്തരക്കാരെ സൂക്ഷിക്കണം".... പഴയകാലമല്ല ഇതുകേട്ട് ഞാനാ സ്ത്രീയെ ഒന്നുകൂടി നോക്കി. നെറ്റിയിൽ വന്നിരുന്ന കൊതുകിനെഒറ്റയടിക്ക് കൊന്ന് നിൽക്കുന്ന അവരെപ്പറ്റി എന്തു വിചാരിക്കണമെന്ന് എനിക്കറിയില്ലായിരുന്നു. അടുത്ത നിമിഷം , അവരുടെ ബസ് വരികയും അവർ കയറി പോവുകയും ചെയ്തു. ഒരർത്ഥത്തിൽ ആ സ്ത്രീയും കൊതുകും എനിക്കൊരു പോലെ തോന്നിച്ചു. രണ്ടും ഞങ്ങളെ അസഹ്യമായി ശല്യപ്പെടുത്തിയിരുന്നു. ഒരു ദീർഘ നിശ്വാസത്തോടെ റോഡിന്റെ അങ്ങേത്തലയ്ക്കലേക്ക് കണ്ണുനട്ടിരിക്കുമ്പോഴാണ് " ചേച്ചിമാരെ, ചേട്ടന്മാരെ...." എന്നുള്ള ഒരു വിളി കാതിൽ വന്നലച്ചത്. മുഷിഞ്ഞ പോളിസ്റ്റർ സാരിയിൽ പാറിപ്പറന്ന മുടിയിഴകളും കറപിടിച്ച പല്ലുകളും എണ്ണമെഴുക്ക് പുരണ്ട മുഖവുമായി ഒരു സ്ത്രീ അവിടേയ്ക്ക് കടന്നു വന്നു. പെരുമാറ്റത്തിൽ ഒരു ഭ്രാന്തിയെപ്പോലെ തോന്നിച്ചതിനാലാവാം അവരെ കണ്ടതെ ബസ് സ്റ്റോപ്പിൽ നിന്നിരുന്നവരെല്ലാം ഓരോ ജോലികളിൽ മുഴുകി, ചിലർ ഫോണിൽ കുത്തുകയും ചിലർ പാട്ടു കേൾക്കുകയും മറ്റു ചിലർ വാച്ചിൽ നോക്കി എങ്ങോട്ടെന്നില്ലാതെ ഇറങ്ങി നടക്കുകയും ചെയ്തു. പലരുടെയും മുന്നിൽ കൈനീട്ടി കിട്ടിയ ഏതാനും നാണയ തുട്ടുകളുമായി ആ സ്ത്രീ ഞങ്ങളുടെ അടുത്തെത്തി. അപ്പോഴാണ് അവരുടെ ഒക്കത്തിരിക്കുന്ന ഒരു കുട്ടിയെ ഞാൻ കണ്ടത് ഉദ്ദേശം നാലു വയസ്സുള്ള പെൺകുട്ടിയാണ്. അവൾ അമ്മയുടെ ജോലിയിലൊന്നും ശ്രദ്ധിക്കാതെ മറ്റെവിടെയോ ശ്രദ്ധിച്ചിരിക്കുകയാണ്. തൊട്ടടുത്തുള്ള ഒരു ഹോട്ടലിലെ ചില്ലലമാരിയിലാണ് അവളുടെ കണ്ണ്. ഒരു പക്ഷേ അതിലെ കട്ലെറ്റും, ജിലേബിയുമൊക്കെ അവളെ നോക്കി ചിരിക്കുന്നുണ്ടാവാം.

"ചേച്ചി.... " ആ സ്ത്രീ. ഞങ്ങളെ പ്രതീക്ഷയോടെ വീണ്ടും വിളിച്ചു. ഞാനുടനെഎന്റെ സുഹൃത്തിനെനോക്കി. അവൾ ഫേസ്ബുക്കിൽ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്ന തിരക്കിലായിരുന്നു. ഞാനുടനെ എന്റെ ബാഗിൽ നിന്ന് ഒരു പത്തു രൂപ നോട്ടെടുത്ത് ആ കൈകളിലേക്ക് വച്ചു കൊടുത്തു.. അടുത്തു നിന്ന മറ്റു യാത്രക്കാരെല്ലാം എന്നെ തെല്ലസൂയയോടെ നോക്കുന്നത് കണ്ട് ഞാൻ അഭിമാനിച്ചു. ആ സ്ത്രീയിൽ നിന്ന് ഞാനൊരു നന്ദി വാക്കു പ്രതീക്ഷിച്ചെങ്കിലും ഒന്നും മിണ്ടാതെ അവർ നടന്നകന്നു. അവരുടെ ഒക്കത്തിരുന്ന കുട്ടി എന്നെ നോക്കുന്നതു കാണാമായിരുന്നു. ഞാനവളെ കണ്ണുചിമ്മി ചിരിച്ചു കാണിച്ചു. പക്ഷേ അവൾ മുഖം തിരിച്ചു കളഞ്ഞു. മറ്റുള്ളവരുടെ മുന്നിൽ ആളാവാനുള്ള എന്റെ ഉദ്ദേശ്യം അവൾ മനസ്സിലാക്കിയിരിക്കുമോ?... " ഏയ് ... അതൊരു കൊച്ചല്ലേ?" ഞാൻ ആശ്വസിച്ചു. പക്ഷേ ആ കുഞ്ഞിന്റെ ഭാവിയെക്കുറിച്ചുള്ള ചിന്ത എന്നെ വല്ലാതെ അലട്ടി. അപ്പോഴേയ്ക്കും ബസ് വന്നുകഴിഞ്ഞിരുന്നു. തിക്കിതിരക്കി ബസിൽ കയറിക്കൂടിയപ്പോഴും എന്റെ കണ്ണുകൾ ആ കുഞ്ഞിനെതിരഞ്ഞു. പക്ഷേ അപ്പോഴേയ്ക്കും ആ നഗരത്തിലെ ആൾകൂട്ടത്തിലെവിടെയോ അവർ മറഞ്ഞിരുന്നു. തൊട്ടതിനും പിടിച്ചതിനും വീട്ടുകാരെ നൂറുവട്ടം കുറ്റം പറയുന്ന ഞാൻ, ആ നിമിഷം അതിന് മുതിർന്നില്ല.......




# NEWMAN @2030

ഡെൽജോ ഡേവീസ്

25 March 2030 ഒത്തിരി നാളത്തെ തിരക്കുകൾക്കിടയിൽ നിന്നു ഒരു വിശ്രമം തേടി ഇന്ന് ഞാൻ എന്റെ ജന്മനാട്ടിലേക്ക് തിരിച്ചു. തൊടുപുഴയിലേക്ക്........ ജനിച്ചു വളർന്ന നാടിന്റെ നൊസ്റ്റാൾജിയ എന്റെ മനസ്സിനെ കടന്നാക്രമിച്ചു. എന്റെ കരിയറിനെഏറ്റവും സ്വാധീനിച്ച ന്യൂമാൻ കലാലയത്തിലേക്ക് വീണ്ടും ചെല്ലാൻ അതെന്നെ പ്രേരിപ്പിച്ചു.

ഞാൻ എന്റെ സഹപാഠികളായ സച്ചുവിന്റെയും ജോജിയുടെയും കൂടെ കോളേജിലേക്ക് ഡ്രൈവ് ചെയ്തു. എന്നാൽ ഞങ്ങൾക്കുണ്ടായ അനുഭവം തികച്ചും അത്ഭുതാവഹമായിരുന്നു. പതിവുപോലെ കോളേജ് ഗേറ്റിലേക്ക് കടന്നു ചെന്നപ്പോൾ അവിടെ ഒരു വലിയ കെട്ടിടം മാത്രമാണ് കാണാൻ സാധിച്ചത്. കോളേജിലേക്കുള്ള പ്രവേശന കവാടം അന്വേഷിച്ച് ഞങ്ങൾ ചുറ്റും നടന്നു. ഒടുവിൽ മിൽക്കി വൈറ്റ് എന്ന ഐസ്ക്രീം ഫാക്ടറിയുടെ മുമ്പിൽ ഒരു വലിയ കവാടം കണ്ടു. ഞങ്ങൾ അതിലൂടെ പ്രവേശിച്ചു. നേരെ മുമ്പിൽ കലാലയത്തിന്റെ പേര് ചെടികൾ കൊണ്ട് എഴുതപ്പെട്ടിരിക്കുന്നു. ഇരു വശങ്ങളിലും നിറയെ പൂക്കൾ യൂണിഫോം ഇട്ട ഒരു ഹിന്ദിക്കാരൻ ഗെയ്റ്റ് തുറന്നു. കുട്ടികൾ എല്ലാവരും കളർ ഡ്രസ്സിൽ നടക്കുന്നത് കണ്ടപ്പോൾ ഒത്തിരി സന്തോഷം തോന്നി. പണ്ട് ദേവര കോളേജിലും, സെന്റ് തെരേസായിലും മാത്രം കണ്ടുവന്നിരുന്ന ചില പ്രതിഭാസങ്ങൾ പെൺകുട്ടികളുടെ ഇടയിൽ കാണാൻ സാധിച്ചു. എന്നാൽ ആൺകുട്ടികൾ മുണ്ടും ഷർട്ടും തന്നെ ഇട്ടിരിക്കുന്നത് കണ്ടപ്പോൾ പഴയ പ്രേമം സ്റ്റൈൽ ഞങ്ങളുടെ മനസ്സിലേക്ക് വന്നു. കലാലയം ആകെ മാറിയിരുന്നു. ഇൻഡോർ കോർട്ടുകൾ നിരവധി അവിടെ കാണാൻ സാധിച്ചു. നിരവധി പുതിയ പുതിയ കെട്ടിടങ്ങളും ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടു. ഓരോ ബ്ലോക്കും ഓരോ ഡിപ്പാർട്ട്മെന്റ് ആണന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു. കോളേജ് വളരെയധികം മനോഹരമായിരിക്കുന്നു. ഇപ്പോൾ എല്ലാ ക്ലാസ്സുകളും സ്മാർട്ട് മുറികൾ ആയിരിക്കുന്നു. എന്നിട്ടും ന്യൂ ബ്ലോക്കിലെ മുറികൾ ഇന്നും തേച്ചിട്ടില്ല. എന്ന വസ്തുത ഞങ്ങളെ നിരാശരാക്കി. ഗ്രൗണ്ട് മുഴുവൻ പുല്ലു പിടിപ്പിച്ചിരുന്നത് കണ്ടപ്പോൾ ഞങ്ങൾ തിരിച്ചറിഞ്ഞു. കോളേജ് വളരെയധികം മനോഹരമായിരിക്കുന്നു. ഗ്രൗണ്ട് മുഴുവൻ പുല്ലു പിടിപ്പിച്ചിരിക്കുന്നത് കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. എല്ലാ കുട്ടികളുടെ കൈകളിലും മൊബൈൽ ഫോണും ടാബ്ലെറ്റും ഒക്കെ കണ്ടപ്പോൾ ഞങ്ങൾ തിരിച്ചറിഞ്ഞു കോളേജ് ഇന്നു സൗജന്യ Wifi കേന്ദ്രമാണെന്ന്. പഠനഭാഗങ്ങൾ അതാതു കുട്ടികളുടെ ടാബുകളിൽ എത്തും ഹാജർ എടുക്കുന്നതിനും പ്രത്യേക സൗകര്യങ്ങൾ. പഴയ അദ്ധ്യാപകർ ആരെങ്കിലും അവിടെ ഉണ്ടോ എന്നു ഞങ്ങൾ തിരക്കി. ഒരാളെ മാത്രം ഞങ്ങൾക്ക് കാണാൻ സാധിച്ചു. ലിറ്ററേച്ചറിലെ ജോസ് അഗസ്റ്റ്യൻ സാർ. ഇപ്പോഴും സാറിന്റെ ഒരു മുടിപോലും നരച്ചിട്ടില്ല എന്നത് ഞങ്ങൾ സംശയത്തോടെ വീക്ഷിച്ചു. കെമിസ്ട്രി ലാബിൽ നിന്നു വരുന്ന "സുഗന്ധം" ഒരിക്കൽ കൂടി ആസ്വദിക്കാൻ ഞങ്ങൾ ചെന്നു എന്നാൽ പുതിയ ടെക്നോളജി ഉപയോഗിച്ച് വാതകങ്ങൾ പുറത്തേക്ക് തള്ളുന്നതിനാൽ ആ ഗന്ധം ഞങ്ങൾക്ക് ആസ്വദിക്കാൻ സാധിച്ചിട്ടില്ല. ക്യാന്റീനിൽ പോയി എന്തെങ്കിലും കഴിച്ചിട്ട് പോകാൻ ഞങ്ങൾ തീരുമാനിച്ചു. പണ്ടത്തെ ഒരു KFC Style ആണ് ക്യാന്റീനിൽ കാണാൻ സാധിച്ചത്. ഒരു പറ്റം കുട്ടികളോടൊപ്പം ആഹാരം കഴിച്ചതിന് ശേഷം കോളേജിലെ പുതിയ വിശേഷങ്ങൾ ഞങ്ങൾ ചോദിച്ചറിഞ്ഞു പഴയ വിശേഷങ്ങൾ ഞങ്ങൾ അവരോടും പറഞ്ഞു.





# ഇടുക്കി

ചരിത്ര വിദ്യാർഥികൾ

ഇടുക്കി മലനിരകളുടെ ഇതുവരെ കാണാത്ത ഭംഗിയിലേക്കാണ് ഹൈറേഞ്ചിന്റെ കവാടമായ തൊടുപുഴയിൽ നിന്നു ഇടുക്കിയുടെ നിഗൂഢതയിലേക്ക് അധികമാരും സഞ്ചരിക്കാത്ത വഴികളിലൂടെ.

ഇടുക്കിയിലേക്ക് പുതുതായി വികസിപ്പി ച്ചെടുത്ത വഴിയെക്കുറിച്ച് കേട്ടത് തൊടപുഴയിൽ നിന്നാണ്. മുട്ടം കുളമാവ് വഴി ഇടുക്കിയിലേക്ക് ചുരം കയറുന്ന പതിവ് വഴിക്ക് പകരമാണ്, തൊടുപുഴയിൽ നിന്ന് ഉടുമ്പന്നൂർ, ചീനിക്കുഴി, പെരിങ്ങാശ്ശേരി, ഉപ്പുകുന്ന് എന്നിവ കടന്ന് പൈനാവിലേക്കുള്ള വഴിയിൽ പാറമടയിൽ ചെന്നെത്തുന്ന പുതിയ റൂട്ട്.

വഴി കുഴപ്പമില്ല അല്പം കയറ്റം കൂടുതലാണ്. പെരിങ്ങാശ്ശേരിയിൽ നിന്ന് കയറ്റം തുടങ്ങും. ഉപ്പ് കുന്ന് കഴിഞ്ഞതോടെ കാടായി വൻമരങ്ങൾ ഇടയ്ക്കിടെ അവിടവിടെ വേനൽപച്ച. മനുഷ്യന്റെ ഇടപെടൽ അധികമില്ലാത്ത ഭൂമിയുടെ അടയാളങ്ങളിലൂടെയാണ് യാത്ര. കയറ്റം തീരുന്നിടത്ത് കാഴ്ചയുടെ വിസ്മയ ലോകം തുറന്ന് പ്രകൃതി കാത്തു നിൽക്കുന്നു. ഇടുക്കി മലനിരകളുടെ ഇതുവരെ കാണാത്ത ഭംഗിയിലേക്കാണ് പ്രകൃതി വാതിൽ തുറന്ന് തന്നത്. കടുത്ത വേനലിലും നിറം മങ്ങാത്ത പച്ചപ്പ് അലോസരപ്പെടുത്താത്ത ചെറിയ തണുപ്പ്. വിനോദ സഞ്ചാരികൾക്കെന്നും ഇങ്ങനെയൊരു വഴിയെക്കുറിച്ച് ധാരണയുണ്ടാവാൻ സാധ്യതയില്ല. കാഴ്ചകളുടെ ആഹ്ലാദം മുന്നോട്ട് നീങ്ങുമ്പോഴാണ് അകലെ നീളത്തിലൊരു കൽകെട്ട് കണ്ട് വണ്ടി നിർത്തിയത്. രണ്ട് വൻ മലകൾക്ക് നടുവിൽ അത്യാവശ്യം വലുപ്പത്തിൽ ഒരു കൽക്കെട്ട്.... കുളമാവ് ഡാം.

ഇടുക്കി ജില്ലയിലെ സൗന്ദര്യം മുഴുവൻ ഒളിപ്പിച്ച് വച്ചിരിക്കുന്നത് ഇവിടെയാണ്. " രാമക്കൽ മേട് മുതൽ രാജാപ്പാറ മേട്ട് വരെ തമിഴ്നാട്ടിലേക്ക് മുഖം നോക്കി നിൽക്കുന്ന കുന്നിറമ്പുകൾ കേരളത്തിനും തമിഴ്നാട്ടിനും ഇടയിൽ അതിരു കാക്കുന്ന സസ്യപർവ്വതത്തിന്റെ മുനമ്പ്. താഴെ കിലോമീറ്ററുകൾ കണക്കെ പരന്നു കിടക്കുന്ന തമിഴ് നാടിന്റെ ദൂരകാഴ്ചയാണ് ഇവിടുത്തെ പ്രധാനആകർഷണം. ഇരുപത്തിനാല് മണിക്കൂറും വിശ്രമമില്ലാതെ വീശുന്ന കാറ്റ് നെടുങ്കണ്ടത്തുനിന്ന് പൂപ്പാറയ്ക്കുള്ള വഴിയിലാണ് രാജാപ്പാറയിലേക്കുള്ള ഇടവഴി ആരംഭിക്കുന്നത്. കുറച്ചുകഴിഞ്ഞപ്പോൾ വഴിയുടെ മട്ട് മാറി . പന്ത്രണ്ട് അടി വീതിയിൽ റോഡ് മാത്രം ഇരുവശത്തും മാന്യമായ താഴ്ചയിൽ കൊക്ക ഒരു വശത്ത് നൂറുകണക്കിന് അടി താഴേയ്ക്കുള്ള ക്ഷണവുമായി തമിഴ്നാട്. മറുവശത്ത് മുന്നടിയോളം താഴ്ചയിൽ കേരളം

രാത്രിയാകുമ്പോൾ കൂടുതൽ സുന്ദരിയാകുന്ന നവവധുവിനെപ്പോലെയാണ് തമിഴ്നാട്. സന്ധ്യമയങ്ങുമ്പോൾ താഴത്തെ വീടുകളിൽ വിളക്ക് തെളിയും. ആയിരം ദീപാവലികൾ ഒന്നിച്ച് വന്നത് പോലെ. നേരം വൈകിയിരുന്നു. എങ്ങും നിശബ്ദത. കൺപോളകൾക്ക് കനം വച്ച് തുടങ്ങിയിരിക്കുന്നു. ഇടുക്കിയിലെ സുന്ദര നിമിഷങ്ങൾ ആസ്വദിച്ച് ഞങ്ങൾ എപ്പോഴാണ് ഉറങ്ങിയതെന്ന് അറിയില്ല.

നേരം വെളുത്ത് ഇടുക്കിയിലെ മലനിരകൾ ഇറങ്ങുമ്പോൾ മനം മയക്കുന്ന ഓർമ്മകൾ ഒരിക്കലും മങ്ങരുതേ . എന്ന് ഞങ്ങൾ പ്രാർത്ഥിച്ചു.

# 3 ചോദ്യങ്ങൾ

1.ഇരുളും വെളിച്ചവും.....
ചൂടും തണുപ്പും.....
മഴയും വെയിലും....
യാഥാർത്ഥ്യം പലപ്പോഴും രണ്ടാണ്
എന്നിട്ടുമെന്തേ നീയും ഞാനും
ഒന്നെന്ന് പറയാൻ നാം വെമ്പുന്നു?

2.വളിച്ചതും പുളിച്ചതും
നാമാർക്കും വിളമ്പാറില്ലല്ലോ?
എന്നിട്ടുമെന്തേ നാം
വളിച്ചതും പുളിച്ചുതികട്ടുന്നതുമായ ഓർമ്മകൾ
നമുക്കായിതന്നെ വിളമ്പിവയ്ക്കുന്നു?

3.കണക്കിൽ തോറ്റു........... മണ്ടൻ
ഇംഗ്ലീഷിൽ തോറ്റു............മണ്ടൻ
പലതിലും തോറ്റു...............മണ്ടൻ
എന്നിട്ടു പാടിയ വേദനകളിലെല്ലാം
അവന് കൈനിറയെ സമ്മാനങ്ങൾ
എന്നിട്ടും അവനെ മണ്ടനെന്നു വിളിച്ചാൽ
ആരാണ് യഥാർത്ഥ മണ്ടൻ?





ശാലു ശശി

# തിരിച്ചറിവ്

മനസ്സിൽ നിന്നൊരിക്കലും മാഞ്ഞുപോകരുതെ എന്ന് ഞാനാഗ്രഹിക്കുന്ന നാളാണിന്ന്. എനിക്കൊപ്പം അവനുമുണ്ട്. ഞങ്ങളുടെ മെത്തയിൽ അലങ്കാരങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്റെ മുടിയിൽ മുല്ലപ്പൂമാല ഉണ്ടായിരുന്നില്ല. പട്ടുടയാട എന്റെ ശരീരത്തെ പൊതിഞ്ഞിരുന്നുവെങ്കിൽ എന്ന് ഞാനാഗ്രഹിച്ചിരുന്നു. മുറിയിലേക്ക് കളിയാക്കലോടെ തള്ളിവിടാനും ആരുമുണ്ടായിരുന്നില്ല. പുതുമണവാട്ടിയുടെ നാണം മറച്ചു പിടിച്ചുകൊണ്ട് ഞാൻ അവന്റെ അരുകിൽ ഇരുന്നു. അവൻ മെത്തയിലിരുന്ന എന്റെ കൈകളോട് അവന്റെ കൈകൾ ചേർത്തു. ഇതിനായ് മാത്രമാണ് ഞാൻ കൊതിച്ചത് എന്ന മട്ടിൽ അവൻ സമ്മാനിച്ച താലി ഞാൻ മറുകൈക്കുള്ളിൽ വച്ചു. "എന്തേ... വേണ്ടായിരുന്നെന്ന് തോന്നുന്നുണ്ടോ"എന്ന് ചൊടിപ്പിക്കുന്ന അവന്റെ വാക്കുകൾക്ക് ഒരു നോട്ടംകൊണ്ട് ഞാൻ മറുപടി നൽകി. താലി ഉറ്റവരോട് ജയിച്ചതിന്റെ തെളിവായി എന്റെ നെഞ്ചോട് ചേർന്ന് കിടന്നു. വീട്ടുകാരറിയാതെ ഞങ്ങൾ യാത്ര ചെയ്ത ഇടങ്ങൾ ആദ്യമായി കൈമാറിയ പ്രേമലേഖനങ്ങൾ, വീട്ടുകാരിടപെട്ടപ്പോൾ ഉണ്ടായ പൊട്ടിത്തെറികൾ എല്ലാം... എല്ലാം... ഞങ്ങൾക്കിടയിൽ സംസാരവിഷയം ആയി. അതിനിടയിൽ അവൻ ചോദിച്ച ചോദ്യം കാമുകിയിൽ നിന്ന് ഉത്തരവാദിത്വമുള്ള മകളിലേക്കുള്ള എന്റെ പരിവർത്തനത്തിന് കാരണമായി. "എങ്കിലും എന്ത് വിശ്വസിച്ച് കൊണ്ടാ നീ എന്റെ കൂടെ പോന്നത്"? എന്നെ വളർത്തി വലുതാക്കാൻ എന്റെ അമ്മ കഷ്ടപ്പെട്ടതും എന്റെ ഉപരി പഠനത്തിന് അച്ഛൻ ഉള്ളതെല്ലാം വിറ്റുപെറുക്കിയതും ഞാൻ ഇറങ്ങി പോന്നപ്പോൾ പോകരുതെ എന്നും പറഞ്ഞ് പുറകേ ഓടിവന്ന കുഞ്ഞനുജനും എല്ലാവരും ഒരു നിമിഷം എന്റെയുള്ളിൽ മിന്നി മറഞ്ഞു. ഉറ്റവരെയും ഉടയവരെയും മറന്നതിനും ഈ നിമിഷം അവനെ ഓർമ്മിക്കുന്നതിനും അവൻ ഹേതുവായി... ആഗ്രഹങ്ങൾ കൊണ്ട് മൂടിയ എന്റെ മനസാക്ഷിയെ കഴുകി തെളിയിക്കുവാൻ എന്റെ ശരീരം ഇമകളെ നനച്ചതു പോലുമില്ല...

Teen Maria George



# WARDROBE

Every morning I see light when Neha opens my door to take out her clothes. Thank God! She is so choosy . I can stay open and face light for a long time while she stares at those clothes muttering to herself,"What should I wear doing?" And there are even days when she leaver me open, forgetting to close my door. Yet by noon, her mom, inspecting the room, would close my door again.

Now that I remember there was a time where Neha did herself inside me to avoid drinking the milk her mom would bring to her room . But now she can't enter into my narrow space [and her mother doesnot bring her milk anymore], Even though both of us have "grown"older,she has changed . I have been here for 10 years now and my constant remains balanced .Neha's collection of dresses remain constant, just like the energy release about which she reads out lout from her physics text book. She takes away the old ones [I never see them again I] and replaces it with brighter colours. since she has started her high school; I have a lot of colours ,Since she has started her high school; I have a lot of colors , blue, red and yellow.

Quite surprisingly , it is like her life too. Neha's sorrows gets replaced by her smiles and it's a never ending cycle like the water cycle on which she had a seminar to present. When a sad moment let's the colour of life fade another moment brightness it up, And trust me ! I have not read this its in google . Neha seems to search for a life quote in google everyday. [ But I don't think she needs those quotes]. I believe she has some one to share that with. Even though it is quit tiring to stay here for year, I can't complain. I wish I could complain about her boring days over the phone as Neha does .She even whispher about her mom and dad [And I really don't know who is on the other side of the line]

After all, Neha is unaware of the fact that I am one among the few who knows her taste and fashion senses. And I do love her taste. All of her dresses are colourful and beautiful except those of past. And I heard, yes its true, that she is entering college!!





# ഒരു പൈങ്കിളിയുടെ സങ്കീർത്തനം

ഒരു കുഞ്ഞു പൈങ്കിളി എങ്കിലും ദൈവമേ
ഞാൻ നിന്നെ വാഴ്ത്തും പാട്ടുകാരി
ഓരോ പ്രഭാതവും വിരുന്നെത്തും വേളയിൽ
നിന്നെ വാഴ്ത്തുന്നൊരു പാട്ടുകാരി
ഹിമവൽ സാനുവിൽ സ്വന്തമാം മഞ്ഞിന്
പനിനീർ ചോലയായ് രൂപാന്തരം നിൻ
ഹിതമനുവർത്തിയായ് പ്രഭതൂകും ദീപമായ്
പകലോൻ തന്നെയും നീ ഒരുക്കി
എൻ ദൈവമേ നീയെത്ര കാരുണ്യവാൻ
നിൻ മഹിമാവല്ലോ കരുണാമയം
ഓരോ തൊടിയിലെ പുൽക്കൊടി തുമ്പിലും
താങ്ങിനിൽക്കുന്നാരി നീർക്കണവും
ഒരു മാത്രയെങ്കിലും ആദികിരണങ്ങളേറ്റു
തിളങ്ങുന്നു നിന്നെ പ്രകീർത്തിക്കാൻ
എൻ ദൈവമേ നീയെത്ര കാരുണ്യവാൻ
നിൻ മഹിമാവല്ലോ കരുണാമയം
ഗഹ്യനിരകളെപുൽകിയുണർത്തുന്ന
ശീതളമാരുത സോദരനും
സ്വച്ഛസുന്ദരമാം നീലത്തടാകവും
ശാന്തമാം പുലരിയും ഏറ്റുപാടും
എൻ ദൈവമേ നീയെത്ര കാരുണ്യവാൻ
നിൻ മഹിമാവല്ലോ കരുണാമയം
എങ്കിലും നിന്നെ പ്രകീർത്തിക്കുവാൻ
ഈ കുഞ്ഞുകിളിയെയും നീ ഒരുക്കി
നിൻ പരിപാലനഎൻ കുഞ്ഞുഹൃത്തടം തീർത്ഥമാക്കി
അനുരാഗ സ്വരരാഗ നീർത്തടമാക്കി.......



# കാക്ക

മുബീന സൈനുദ്ദീൻ

കാക്കകളോടു അവനു വെറുപ്പായിരുന്നു. വൃത്തിഹീനമായ ആ ജന്തുവിനെ അവൻ എവിടെ കണ്ടാലും കല്ലെറിഞ്ഞോടിക്കുമായിരുന്നു. അവയുടെ ശബ്ദം അവന് അസഹനീയമായിരുന്നു. അവന്റെ വലതു നെറ്റിലിയിലുള്ളആ മുറിപ്പാട് എന്നും നീരസത്തെ വർദ്ധിപ്പിച്ചു കൊണ്ടിരുന്നു. അവയെല്ലാം ഒന്നു ചത്തു മണ്ണടിഞ്ഞെങ്കിൽ എന്നവൻ കൊതിച്ചു. എന്നാൽ ഇന്നു മണ്ണടിഞ്ഞത് അവൻ ഏറ്റവും സ്നേഹിച്ചിരുന്ന അച്ഛനായിരുന്നു. അന്ത്യകർമ്മങ്ങൾക്ക് ശേഷം ബലിച്ചോറു കഴിക്കാൻ അവനിന്നാ കാക്കളെ കൈകൊട്ടി വിളിച്ചു. എന്നാൽ ആ ബലിച്ചോറു ഭക്ഷിക്കുവാൻ ഒരു കാക്കയും വന്നില്ല. അവന്റെ മനസ്സ് വിഷമഭരിതമായിരുന്നു. കണ്ണുകൾ ചുവന്നു. ഒടുവിൽ കണ്ണുനീർ തുള്ളികൾ ആ ബലിച്ചോറിൽ ലയിച്ചുചേർന്നു. എന്നാൽ ഇന്നും അവൻ കാത്തിരിക്കുകയാണ് ഒരു കാക്കയുടെ ആഗമനത്തിനായി - തന്റെ പിതാവിന്റെ മോക്ഷത്തിനായി....

# ഇരുളുകൾ പൊൻ പുലരിക്കാവട്ടെ

നിമിഷമോൾ എൻ. എസ്.



ദുഃഖാന്ധകാരത്തിലെന്നും സാന്ത്വനമായ്
സേതുകമായ് വന്നിടും അമ്മ
അറിയുന്നു ഞാൻ അത്
മണ്ണിലിറങ്ങിയ ദൈവമാണ്, സ്നേഹമാണ്
സ്നേഹത്തിൻ കടലാണ്
എന്നിട്ടുമെന്തേ ഈ സ്നേഹക്കടലിനെ
വൃദ്ധസദനത്തിൽ തള്ളിടുന്നു നാം?
ഇതു ക്രൂരമല്ലേ കൊടും പാപമല്ലേ?
ഇവിടെ തുടങ്ങിടുന്നു
മനസ്സിൻ വിള്ളലുകൾ
ഡൽഹി ബലാത്സംഗം നാടിൻ
കണ്ണീരൊപ്പാത്തൊരോർമ്മയാണ്
ജീവനും രക്തവും ചിന്തപ്പെട്ട ജന്മങ്ങൾ!
അമ്മയെ പെങ്ങളെ
തിരിച്ചറിയാത്ത പൈശാചിക നായകർ!
മാറണം ഈ കാഴ്ചകൾ മാറ്റേണം ഈ നേട്ടങ്ങൾ
നിറയേണം പുതിയ നന്മകൾ, കനിവുകൾ
പെണ്ണ് പൂക്കട്ടെ!
മനസ്സ് പൂക്കട്ടെ!





Oath Taking









Sports Day Inauguration










# Funny Definitions

| | | |
|---|---|---|
| **Advice** | : | That which the wise don't need, the fools won't take |
| **Boss** | : | The person who comes early when you are late and late when you are early |
| **Cigarette** | : | A pinch of tobacco rolled in paper with fire at one end and a fool at the other |
| **Conference** | : | The confusion of one man multiplied by the number Present |
| **Neighbour** | : | The person who knows more about your affairs than you |
| **Office** | : | A place where you can relax after your strenuous home life |
| **Experience** | : | The name men give to their mistakes |
| **Professor** | : | The one who talks when others sleep |
| **Wife** | : | Worries invited forever |
| **Smile** | : | The curves that can set a lot of things straight |
| **Specialist** | : | The person who knows everything about something and nothing about everything else |
| **Skeleton** | : | The person who went on dieting and forgot to stop |



# ഈ കലാലയ തിരുമുറ്റത്ത്

ഭൗതിക ശാസ്ത്ര
വിദ്യാർത്ഥി

ഈ കലാലയ തിരുമുറ്റത്ത്
എന്റെ കാൻവാസിൽ വർണ്ണങ്ങൾ പടരുന്നു
എന്റെ ഹൃദയത്തിൽ ആയിരം വർണ്ണങ്ങൾ ഉദിച്ചുയരുന്നു
എന്റെ ഭാവനാ മലരുകൾ വിടരാൻ വെമ്പുന്നു
എന്റെ സുഹൃദ് ബന്ധങ്ങൾ വിശാലമാകുന്നു
ഈ ക്ലാസ്സ് മുറികളിൽ ഞാൻ ഞാനല്ലാതാകുന്നു
ഞാനെപ്പോഴൊക്കെയോ ഞാൻ തന്നെയാകുന്നു
എന്റെ ചിന്തകൾ ഉദ്ദീപനങ്ങളാകുന്നു
ഇവിടെയിരുന്നു ഞാൻ ഭൂലോകസഞ്ചാരിയാകുന്നു
ഇവിടെ ഇരിക്കുമ്പോൾ നിദ്രതൻ കരങ്ങളെന്നെ പുണരുന്നു
ഈ പുസ്തകശാലതൻ ഇരുണ്ട ഏകാന്തതയിൽ
അക്ഷരങ്ങളെന്നെ മാടി വിളിക്കുന്നു
ഈ ക്യാന്റീനിൻ സൗഹൃദങ്ങൾ, എനിക്കായ്-
സദ്യയൊരുക്കുന്നു, ആ സ്നേഹ സാഗരത്തിൽ
സാദരം കൂപ്പുകൈകളോടാനന്ദതുന്ദിലമായ് ഞാൻ
ഈ ആരാധനാലയത്തിൽ പടവുകൾ കയറി
ഞാൻ ചെല്ലവേ
ദിവ്യമായൊരു സ്പർശനമെന്നെ തേടിയെത്തുന്നു
ആ അനുഭൂതിയേകുന്നൊരാ നിർവൃതി
മറ്റെവിടെയും കണ്ടെത്താൻ കഴിഞ്ഞില്ലിതുവരെയും.
എവിടെ ഒളിക്കും ഞാൻ






# Those Were The Days

Sr. Nicy

The moment I came to this land
Oh I can't remember that day
Is it never ending like sand
No, never. I try to be gay.
My memory reaches till my parents.
Whom I saw first in this world
They made me wear splendid garments.
Which made me to a king mould.
Then I was a pure little boy
That was so sweet a time.
I liked to play with joy.
Also I liked hearing rhyme.
Then they showed me jesus picture.
Still I have those sweet memories.
Now, about that moment I can give lecture.
I still remember the bulb that glowed glimmery.
Swimming in the pond was thrilling
So was the splendid tricycle ride.
Each sundays kept me calling
From where I got power to stride.
I want to go back to that golden age
Time, time, will you call me back
You have to come with me, he hold in rage.
And to walk back this age lacks innocence.

ആതിര സുനിൽ



# രക്ഷകൻ

എൻജിനീയറിംഗ് ബിരുദവും ഉയർന്ന ജോലി സാധ്യതയുമുള്ള ഒരാൾക്ക് സമ്പന്നമായ ഒരു ജീവിതം സ്വപ്നം കാണാം. കണ്ടതൊക്കെയും യാഥാർത്ഥ്യവുമാക്കാം. ആവശ്യങ്ങൾക്കാണ് അദ്ദേഹം മുൻതൂക്കം നൽകിയത്. സമാധാനത്തിനുള്ള നോബേൽ സമ്മാനം നൽകി ലോകം ആ വലിയ മനുഷ്യനെആദരിച്ചു. ഭാരതത്തിന് അഭിമാനമായ ആ മഹാന്റെ പേരാണ് കൈലാഷ് സത്യാർത്ഥി.

അറിഞ്ഞോ അറിയാതെയോ ബാലവേല ചെയ്യേണ്ടി വരുന്ന ഒരു കുട്ടിയും ഭൂമിയിൽ ഉണ്ടാകരുതെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വ്യക്തിയാണ് കൈലാഷ് സത്യാർത്ഥി. മധ്യപ്രദേശ് സ്വദേശിയായ അദ്ദേഹം, മികച്ച ശമ്പളമുള്ള ജോലിയിൽ സ്വസ്ഥമായി ജീവിക്കുവാൻ കഴിയുമായിരുന്ന എൻജിനീയറായിരുന്നു. പക്ഷേ പഠിക്കേണ്ട പ്രായത്തിൽ തെരുവുകളിലും ഫാക്ടറികളിലും ഒക്കെ പണിയെടുക്കേണ്ടി വന്ന കുട്ടികളുടെ അവസ്ഥ കൈലാഷ് സത്യാർത്ഥിയുടെ ഉറക്കം കെടുത്തി. ബാലവേലയിലേക്ക് വലിച്ചെറിയപ്പെട്ട് ജീവിതം നഷ്ടപ്പെടുമായിരുന്ന പതിനായിരക്കണക്കിന് കുട്ടികൾക്ക് അദ്ദേഹം പുതിയ ജീവിതം നൽകി. അറുപത് വയസ്സിനകം 83,525 കുട്ടികൾക്ക് വളർത്തച്ഛനായ ആ മഹാന്റെ ത്യാഗോജ്ജ്വലമായ ജീവിതം നമുക്കൊരു വലിയ പാഠമാണ്. 1980 ൽ " ബച്പൻ ബച്ചാവോ ആന്ദോളൻ" തുടക്കമിട്ട അദ്ദേഹം കുട്ടികളുടെ അവകാശത്തിനായി പോരാടുന്ന ഇന്ത്യയിലെ ഏറ്റവും ശക്തനായ പ്രസ്ഥാനമായി വളർന്നു. സാമ്പത്തിക നേട്ടത്തിനായി കുട്ടികളെ ചൂഷണം ചെയ്യുന്നതിനെതിരെ ഗാന്ധിയൻ മാർഗ്ഗത്തിൽ ഒട്ടേറെ സമരങ്ങളും പ്രകടനങ്ങളും നടത്തി. കുട്ടികളുടെ അവകാശം എന്നത് കുട്ടിക്കളിയല്ലെന്നും ലോകസമാധാനത്തിന് അത് അത്യന്താപേക്ഷിതമാണെന്നും ഇദ്ദേഹത്തിന്റെ നോബേൽ നേട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു. ആ മഹാപ്രതിഭയ്ക്ക് ഞങ്ങളുടെ ആദരം






# എവിടെ ഒളിക്കും ഞാൻ.

ജന്തുശാസ്ത്ര വിദ്യാർത്ഥി

ഹേ ജീവനാഥ പ്രാണനാഥാ...
നിൻ സൃഷ്ടിയാം ഞാനിതാ കേഴുന്നു
ഈ ധര ഉതിർക്കും വിഷപുകയാൽ
ജീവശ്വാസത്തിനായി ഞാൻ കേഴുന്നു
സ്വച്ഛമാം ജലാശയമിന്നിതാ നോക്കൂ
ഒരു നിണപുഴയായ് ഒഴുകുന്നുവല്ലോ
സ്വന്തമാം ഗേഹം വിട്ട് അഭയാർത്ഥിയായ്
തലചായ്ക്കാനിടം ഞാൻ തേടുന്നു
ഹേ പ്രപഞ്ചനാഥ നിൻ സൃഷ്ടിയിൽ
സ്വാർത്ഥ മോഹങ്ങൾ തൻ കുരുക്കിൽ പെട്ടു ഞാൻ
അനാഥയായ് നിരാലംബയായ് കേഴുന്നു
കൈകോർത്തു ചരിക്കേണ്ട സോദരരീഭൂവിൽ
ഹനിക്കുവാൻ കരങ്ങളുയർത്തി നിൽക്കുമ്പോൾ
ജാതിമതഭേദമെന്യേ ഒരുമിച്ചു വാഴുവാൻ
ചൊന്ന ശ്രീനാരയണ ഗുരുദേവ് വാക്കെവിടെ
ഈ ഭൂവിനെന്നും സമാധാനമേകിയ
യേശുതൻ മൂല്യങ്ങൾ വാമൊഴി മാത്രമോ
ജീവരക്ഷയ്ക്കായി കരയുന്ന പൈതങ്ങൾ
ഉതിർക്കുന്ന കണ്ണീരിനുത്തരമാരു നൽകും
പിറന്നു വീഴും കുഞ്ഞുപോലും പേറുന്നിതാ
ഈ കരിദിനത്തിൻ ഭീകരമാം സ്മരണകൾ
എവിടെയൊളിക്കും നാഥാ ഞാനീ ഭൂവിൽ
അമ്മതൻ പരിശുദ്ധ ഉദരം പോലും
കൊലക്കളമായ് വിഷഭൂമിയായ് മാറിയല്ലോ.



# മാറ്റം

നീലാകാശത്തെ നോക്കി കുഞ്ഞിക്കാലുകൾ എടുത്തുവച്ച് ഉണ്ണി നടന്നു. ചെറുപ്രായത്തിലാണെങ്കിലും അമ്മ പറയുന്നതെല്ലാം അവന് മനസ്സിലാകും അടുക്കളയിൽ പാത്രങ്ങൾ കൂട്ടി തല്ലുന്നതിന്റെ ശബ്ദം അവന് കേൾക്കാമായിരുന്നു. അതിനിടയിലും അമ്മ അവനെവിളിച്ചു.

"ഉണ്ണി; കേറി വാ, മഴ പെയ്യണ്" അവൻ പുറത്തു നിന്ന് അത് കേട്ടു. അവൻ അടുക്കളയിലേക്ക് കേറി വന്നു. പുറത്ത് മഴ ശക്തിയായി പെയ്യുകയാണ്. അമ്മയെ കണ്ടതും അവൻ അമ്മയുടെ ഒക്കത്തു കയറി ഇരുന്നു. കുറച്ച് കഴിഞ്ഞ് അമ്മ അവനെതാഴെ ഇറക്കി നിർത്തി. അപ്പോഴാണ് തോടിനക്കരെയുള്ള വാടക വീട്ടിലെ താമസക്കാരൻ ബാങ്ക് മാനേജർ പടി കടന്ന് വന്നത്. അദ്ദേഹം ചോദിച്ചു ഉണ്ണിയുടെ അച്ഛൻ ഇവിടെയില്ലേ? പണം അടയ്ക്കേണ്ട അവസാനതീയതിയും കഴിയാറായി. പറഞ്ഞിരുന്നില്ലേ?

ഉവ്വ്, അമ്മ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. ഇനിയും പണമടച്ചില്ലെങ്കിൽ ജപ്തി നേരിടേണ്ടിവരും. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കി മടങ്ങി. പറമ്പിലെ കൃഷികൊണ്ടാണ് ഇപ്പോൾ ജീവിച്ച് പോകുന്നത്. ഇനി....? ദിവസങ്ങൾ കടന്നു പോയി. ആമീൻ വീടിന്റെ പൂമുഖത്തെത്തി. കൂടെ ബാങ്ക് മാനേജരും മറ്റു സന്നാഹങ്ങളും പിന്നെയെല്ലാം മുറപോലെ നടന്നു. ഉണ്ണിയെയും എടുത്ത് അവർ എങ്ങോട്ടെന്നില്ലാതെ നടന്നു. മാസങ്ങളും വർഷങ്ങളും കഴിഞ്ഞു. പഴയ കുട്ടിത്തവും, തമാശയും ഉണ്ണിയിൽ നിന്ന് അകന്ന് പോയിരുന്നു. കാലം അവനെ മാറ്റിയെടുത്തു. ഇപ്പോൾ അവന്റെ കളിക്കൂട്ടുകാർ ആയുധങ്ങളാണ്.അവൻ ഒരു രാജ്യദ്രോഹിയാണ്.



# നല്ല സിനിമകൾ വരട്ടേ...

## സംവിധായകൻ ജിത്തു ജോസഫുമായുള്ള അഭിമുഖം



- ***എന്താണ് താങ്കളെ സിനിമയിലേക്ക് ആകർഷിച്ച ഘടകം?***

എസ്. ബി. കോളേജിൽ എന്റെ കൂടെ പഠിച്ച ഒരു സുഹൃത്തിനും എന്റെ ഒരു കസിനും സിനിമ Craze ആയിരുന്നു. അങ്ങനെ അവരുടെ കൂടെയായിരുന്നപ്പോൾ എനിക്കും സിനിമയോടൊരു ആകർഷണം ഉണ്ടായി. വീട്ടിൽ ഈ ആഗ്രഹം അവതരിപ്പിച്ചപ്പോൾ ഡിഗ്രി കഴിയട്ടെ എന്നായി അവർ. ഡിഗ്രി കഴിഞ്ഞ് FTII (Film and Television Institute of India) യിൽ നിന്ന് Exam നുള്ള ഹാൾ ടിക്കറ്റ് വന്ന സമയത്ത് മഞ്ഞപ്പിത്തം പിടിപെട്ട് പരീക്ഷ എഴുതാൻ പറ്റിയില്ല. പിന്നെ ആരൊക്കെയോ പറഞ്ഞു എവിടെ പഠിച്ചാലും പിന്നെയും അസി. ഡയറക്ടർ ആയി ജോലി ചെയ്യാമെന്ന്. പിന്നീട് ആ ആഗ്രഹവും ഉപേക്ഷിച്ചു. ഒരു ദിവസം Horror film കണ്ടുകൊണ്ടിരുന്നപ്പോൾ ഒരു ഫോൺ കോൾ വന്നു. ഞാൻ TV Mute ചെയ്തു അതുവരെ പേടിച്ചു കൊണ്ടിരുന്ന എന്റെ പേടി പോയി വളരെ യാദൃശ്ചികമായി നടന്ന ഈ സന്ദർഭത്തിലൂടെ പശ്ചാത്തല സംഗീതത്തിന്റെ പ്രാധാന്യം മനസ്സിലായി. പക്ഷേ ഞാൻ സിനിമയിലേക്ക് വന്നത് അതിന്റെ ഗ്ലാമർ കണ്ടിട്ടൊന്നുമല്ല മറിച്ച് ആളുകളോട് നല്ല നല്ല കഥകൾ പറയാനാണ്.

- ***എന്തു കൊണ്ടാണ് താങ്കൾ കുടുംബ ചിത്രങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്?***

Fantacy സിനിമകളൊഴികെ എല്ലാ ജനറേഷനുകളിലുമുള്ള സിനിമകളിലും നമ്മൾ മനുഷ്യരുടെ കഥയാണ് പറയുന്നത്. എന്റെ സിനിമയെന്ന് പറഞ്ഞാൽ അതു കുടുംബ പ്രേക്ഷകർക്കുള്ളതാണ്. അതായത് എല്ലാവർക്കും വന്ന് കാണാം. Newgen എന്നു പറഞ്ഞ് ആരോ തെറ്റായി tag ചെയ്തതാണ്. പിന്നെ, കുറച്ച് ചെറുപ്പക്കാർ കൂടി ഒരു സിനിമ ചെയ്തപ്പോൾ അതിൽ അസഭ്യം കയറി വന്നു. പക്ഷേ *സാൾട്ട് N പെപ്പർ* ഒരു സിനിമയല്ലേ.? അതുപോലെ തന്നെ *ട്രാഫിക്* പെട്ടന്നു കയറി അതിനെ Newgen എന്നു വിളിച്ചു. അതൊക്കെ

Wrongly tagged ആണെന്നെ ഞാൻ പറയൂ. ഓരോ 25 കൊല്ലം കൂടുമ്പോഴും സിനിമയിൽ ഓരോ ഷിഫ്റ്റ് ഉണ്ടാകുന്നുണ്ട്. ഇപ്പോഴത്തെ ആർട്ടിസ്റ്റുകൾക്ക് വയസ്സാകും. അപ്പോൾ പുതിയ തലമുറയുടെ പൾസ് അറിയുന്ന പുതിയ കുറച്ചാളുകൾ വരണം അത്ര തന്നെ പക്ഷേ പഴയ കാല പാട്ടുകളുടെയും തമാശകളുടെയും ക്വാളിറ്റി ഇന്നില്ല. പിന്നെ ഒരു മുഴുനീള കരച്ചിൽ സിനിമ ചെയ്യാൻ എനിക്ക് താല്പര്യമില്ല.

- ***താങ്കളുടെ സിനിമയിൽ ധാരാളമായി വയലിൻ ഉപയോഗിച്ച് കണ്ടിട്ടുണ്ട്. ഇതിന് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?***

വയലിന് ഒരു പ്രത്യേക Impact ഉണ്ട്. അതിന് ഒരു feel കൊണ്ടു വരാൻ കഴിയും. പക്ഷേ ഇതിന്റെ ഒക്കെ യഥാർത്ഥ Effect അറിയണമെങ്കിൽ നിങ്ങൾ Mixing Studio യിൽ തന്നെ വരണം ഇവിടുത്തെ തീയേറ്ററുകളുടെ Quality വളരെ കുറവാണ്.

- ***മമ്മി & മി യിൽ ഉർവ്വശിയുടെ കഥാപാത്രത്തിനെ തെരഞ്ഞെടുക്കാൻ 3 വർഷമെടുത്തു എന്ന് കേട്ടു. സിനിമയിൽ Star casting ന്റെ പ്രാധാന്യം അത്രത്തോളമുണ്ടെന്നാണോ ഇത് സൂചിപ്പിക്കുന്നത്?***

അന്ന് ഉർവ്വശി ചേച്ചി വളരെ വണ്ണം വച്ചിരിക്കുകയായിരുന്നു. അച്ചുവിന്റെ അമ്മ ഇറങ്ങിയ സമയം അമ്മ വേഷം അഭിനയിക്കാനായി സൂപ്പർ സ്റ്റാറുകളുടെ പുറകിൽ നിൽക്കാൻ ഭൂരിഭാഗം നടിമാർക്കും താല്പര്യമില്ല എന്നു ഞാൻ ആ സിനിമയിലൂടെ മനസ്സിലാക്കി. അങ്ങനെ 2 വർഷത്തെ ഇടവേളയുണ്ടായി. അപ്പോഴേക്കും ഉർവ്വശി ചേച്ചി മെലിഞ്ഞു. ആ കഥാപാത്രം ചെയ്യാൻ തയ്യാറായി. അപ്പോൾ പറ്റിയ നടിയെ കിട്ടാത്തതുകൊണ്ടും നിർമ്മാതാക്കൾ ഇല്ലാത്തതുകൊണ്ടും ആണ് ഇത്രയും gap വന്നത്.

- ***രാഷ്ട്രീയം പോലെ സിനിമാ മേഖലയിൽ താരങ്ങളുടെ മക്കൾ കയറി വരുന്നു. ബാക്കിയുള്ളവരെ Film field ലേക്ക് Introduce ചെയ്യാനുള്ള അവസരമല്ലേ ഇതിലൂടെ കുറഞ്ഞ് വരുന്നത്?***

അങ്ങനെയല്ല. ആരുടെ മക്കളായാലും കഴിവുണ്ടെങ്കിൽ കയറിവരണം. നിവിൻ പോളി സിനിമ മേഖലയിലുള്ള ആരുടെയെങ്കിലും മകനായതുകൊണ്ടാണോ കയറി വരുന്നത്? കഴുവുണ്ട് കഠിനാധ്വാനം ചെയതു. കയറി വന്നു. That's all. കാര്യങ്ങൾ വരുമ്പോൾ അതിനെ അംഗീകരിക്കാനും പഠിക്കണം എന്നാണ് എന്റെ പക്ഷം അല്ലെങ്കിൽ ഈ പണിക്ക് പോകരുത്. എത്രയോ സിനിമകളിൽ നായകൻ വില്ലനെവെടിവെച്ച് കൊന്നിട്ട് Slow motion ൽ നടന്നു പോകുന്നുണ്ട്. എന്റെ ചോദ്യം വളരെ സിംപിൾ ആണ്. ഒരാൾക്ക് മറ്റൊരാളുടെ ജീവനെടുക്കാൻ അവകാശമുണ്ടോ? നമ്മുടെ നിയമ വ്യവസ്ഥ അനുസരിച്ച് എത്ര തെറ്റു ചെയ്താലും മറ്റൊരാളുടെ ജീവനെടുക്കാൻ അവകാശമുണ്ടോ? അതുകൊണ്ട് നാം സിനിമയെ അതിന്റെ രീതിയിൽ കാണണം. സിനിമയെന്നു പറയുന്നത് ജീവിതത്തിന്റെ ഒരു Reflection ആണ്. Depiction of Life. അതൊരു Make belief ആണ്. ഞാൻ ചോദിക്കട്ടെ ജോർജ്ജുകുട്ടി എല്ലാം കഴിഞ്ഞ് ഇറങ്ങി പോന്നു. അയാൾ രക്ഷപെട്ടെന്ന് പറയാൻ പറ്റുമോ? പക്ഷേ രക്ഷപെട്ടെന്ന് സന്തോഷിച്ച് പ്രേക്ഷകൻ പോകുന്നു. നമ്മൾ അങ്ങനെ അവനെ വിശ്വസിപ്പിക്കുകയാണ്.

- ***സാറിന്റെ ഭൂരിഭാഗം സിനിമകളിലും ക്രിസ്ത്യൻ കുടുംബങ്ങൾ ചിത്രീകരിക്കപ്പെടുന്നത് എന്തു കൊണ്ടാണ്?***

ഞാൻ ജനിച്ചു വളർന്ന ഇലഞ്ഞി പഞ്ചായത്തിൽ മറ്റു മതസ്ഥരുടെ കുടുംബങ്ങൾ കുറവായിരുന്നു. അതുകൊണ്ടു തന്നെ അവരുടെ കൾച്ചർ അറിയില്ല. ഇപ്പോ ആരെങ്കിലും ഒരു മുസ്ലീം ബാക്ക് ഗ്രൗണ്ടിൽ ഒരു സിനിമ കൊണ്ടു വരികയാണെങ്കിൽ ചെയ്താൽ കൊള്ളാമെന്നുണ്ട്. 1994-95 കാലങ്ങളിൽ develop ചെയ്ത കഥകളാണ് ഇന്ന് സിനിമയാക്കുന്നത്. 2000 ൽ ഉണ്ടായ കഥയാണ് 2013ൽ "ദൃശ്യം" എന്ന സിനിമയാക്കിയത്.

- ***സിനിമ ഫീൽഡിലേക്ക് വരാൻ ആഗ്രഹിക്കുന്നവരോട് എന്താണ് പറയാനുള്ളത്?***

ഞാൻ സിനിമയിലേക്ക് വരാൻ ആഗ്രഹിച്ചിരുന്ന സമയത്ത് ടിവിയിൽ *എലിസബത്ത്* എന്ന സിനിമയുടെ സംവിധായകൻ ശേഖർ കപൂറിനെമഹേഷ് ഭട്ട് ഇന്റർവ്യൂ ചെയ്യുന്നത് കണ്ടു. മഹേഷ് ഭട്ട് അവസാനമായി ചോദിച്ച ഒരു ചോദ്യമുണ്ട്? " Do you have any message for the budding directors? അപ്പോൾ അദ്ദേഹം പറഞ്ഞു " If you want to be a successful director go against the rules of the industry" എന്ന് ആദ്യം വേണ്ടത് കഠിനാധ്വാനം ചെയ്യാനുള്ള ഒരു mentality ആണ്. ഇത് ഒരു ഗ്യാരണ്ടിയും ഇല്ലാത്ത ഫീൽഡ് ആണ്. പിന്നെ ചാൻസ് ചോദിച്ചു വരുന്നവരെ ഞാൻ കഷ്ടപ്പെടുത്താറില്ല പിന്നെ, ഒരു സൂപ്പർ സ്റ്റാറിന്റെ മകനായി പോയി എന്നതു കാരണം വരാൻ പാടില്ല എന്നൊന്നുമില്ല കഴിവുണ്ടെങ്കിൽ വരണം.

- ***തമാശ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന മറ്റു serious characters നൽകി അഭിനയ സാധ്യത വർദ്ധിപ്പിക്കുന്നു. ഇതിനെന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?***

നമ്മൾ ഒരാളെ ബ്രാൻഡ് ചെയ്തിടാൻ പാടില്ല. നന്നായിട്ട് humour ചെയ്യുന്നവർക്ക് ഏതു വേഷവും ചെയ്യാൻ പറ്റും. പക്ഷേ, എല്ലാവർക്കും humour ചെയ്യാൻ പറ്റണമെന്നില്ല. കഥാപാത്രങ്ങളുടെ ബ്രാൻഡുകൾ മാറ്റിയാൽ കഥയെഴുതുന്ന ഞങ്ങളെ പോലുള്ളവർക്ക് കഥയെങ്ങനെ വേണമെങ്കിലും കൊണ്ടു പോകാം.

- ***പ്രണവ് മോഹൻലാലിൽ നിന്ന് ഞങ്ങൾ പ്രേക്ഷകർ എന്താണ് പ്രതീക്ഷിക്കേണ്ടത്? സംവിധായകനെയാണോ? ഒരു നടനെയാണോ?***

നിങ്ങളൊന്നും പ്രതീക്ഷിക്കേണ്ടയെന്നാണ് എന്റെ അഭിപ്രായം ഇത്. രണ്ടിലും അവന് താല്പര്യമില്ല. He has his own field. അസി. ഡയറക്ടർ ആയി work ചെയ്തത് ഒരു പുസ്തകമെഴുതാൻ കാശുണ്ടാക്കാനാണ്. ആള് വളരെ സിംപിൾ ആണ്. But. ഒരു ജോലിയേല്പിച്ചാൽ അതു ഭംഗിയായി നിർവ്വഹിക്കും.

- ***എന്തു വ്യത്യാസമാണ് മോഹൻലാൽ സാറിന്റെയും കമൽ സാറിന്റെയും കൂടെ work ചെയ്തപ്പോൾ തോന്നിയത്?***

വലിയ വ്യത്യാസമൊന്നുമില്ല. രണ്ടുപേരും Professonalism ഉള്ള ആളുകളാണ്. Humble ആണ്. Mohanlal is presenting the scenes



naturally. But, Kamal sir is creating the naturality. That is the difference.

- ***ദൃശ്യം എന്ന സിനിമ ഒരു negative Impact ആണ് നൽകുന്നതെന്ന് ധാരാളം പേർ പറയുകയുണ്ടായി. ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?***

ഇ്: നമ്മുടെ കാഴ്ചപ്പാടിന്റെ പ്രശ്നമാണ്. സിനിമ തീർച്ചയായും സ്വാധീനിക്കും. ചിലരെന്നോടു പറഞ്ഞു ദൃശ്യം കുറ്റകൃത്യങ്ങളെ വളർത്തുന്നുവെന്ന്. അപ്പോൾ ഞാൻ ചോദിച്ചു, മോറൽ Values ഉള്ള *മമ്മി & മി* എന്നൊരു സിനിമ ഞാൻ ചെയ്തിരുന്നില്ലേ എന്ന് എന്തുകൊണ്ട് കുടുംബത്തോടൊപ്പം എല്ലാവരും ഈ സിനിമ കാണണമെന്ന് അവർ പറഞ്ഞില്ല.? വിമർശിക്കുന്നവർക്ക് എപ്പോഴും നല്ല uncertinitity ഉണ്ട്. അപ്പോ നന്നായിട്ട് അധ്വാനിക്കുക. ദൈവാനുഗ്രഹം വേണം. പിന്നെ നമ്മുടെ ഒരു കോൺഫിഡൻസ് ഇതിനുപുറമേ ഞാൻ ചെറുപ്പക്കാരോട് ഒരു കാര്യം പറയും. ഒരു ജീവിത മാർഗ്ഗം കണ്ടു വച്ചിട്ട് ഇറങ്ങാൻ പറ്റുമെങ്കിൽ ഇറങ്ങുക. ഞാൻ ജയരാജ് സാറിന്റെ കൂടെ അസി. ഡയറക്ടർ ആയി കയറുന്ന സമയത്ത് എനിക്ക് ജീവിത മാർഗം ഉണ്ടെന്ന് ഉറപ്പു വരുത്തിയിട്ടാണ് അദ്ദേഹം എന്നോട് ചെന്നുകൊള്ളാൻ പറഞ്ഞത്. ഞാൻ സാമ്പത്തികമായി നല്ല രീതിയിൽ ആയിരുന്നതു കൊണ്ട് പ്രശ്നം ഇല്ലായിരുന്നു. ഒരു ലക്ഷത്തോളം പേർ സഹ സംവിധായകരാകാൻ ആഗ്രഹിക്കും. 10000 പേർക്ക് അതിനുള്ള അവസരം കിട്ടും. അത് തുടർന്ന് പോകുന്നത് ഒരു 1000 പേരായിരിക്കും. ഇതിൽ ഒരു 100 പേരായിരിക്കും അസോസിയേറ്റ് ഡയറക്ടർ ആകുന്നത്. ഇതിൽ 10-15 പേർ സംവിധായകരാകും. പലരും ഒന്നോ രണ്ടോ പടം ചെയ്ത് ജീവിതം തീരും. ഇതിൽ ഒന്നു രണ്ടു പേർ മാത്രമെ എന്നും നിൽക്കുന്ന രീതിയിലുള്ള സംവിധായകർ ആകുന്നുള്ളു. ഇതാണ് Industry യുടെ അവസ്ഥ. ഞാൻ പറയും " we should be smart, നമ്മൾ വിവരക്കേട് കാണിക്കരുത്. Reality മനസ്സിലാക്കികൊണ്ട് നമ്മൾ Safe ആയി കളിക്കണം"

ഒരു പുത്തൻ പരീക്ഷണമായി അണിയിച്ചൊരുക്കിയ *ലൈഫ് ഓഫ് ജോസൂട്ടി* യുടെ വിജയാഘോഷത്തിലായിരിക്കുന്ന ഈ വേളയിൽ ഞങ്ങൾക്കായി സമയം പങ്കിട്ട ശ്രീ. ജീത്തു ജോസഫിന് നന്ദി....







Weight lifting University Champions





Sparta intercollegiate Chess Championship



Newman Cup Cricket Champions



Newman Football team





# Achievements



**Aswathy Rajesh**
RDC Delhi



**Vishnu G Mohan, Akhila Unni, Mathew M Jose**
TSC Delhi



**Milan James**
Shooting National
Gold Medalist



**Sethu T M**
Shooting National
Participant



**Jinto Jose**
Best Chess Player
Award Winner



**Navya Chandran**
MA English Literature
University Second Rank



**Sushama Saju**
Winner of Fashion
Technology conducted
by Kerala State






ലക്ഷ്മി ബേബി

# ഹെൽമറ്റ്: മരണത്തെ തടയാൻ

"രാവിലെ 6 മണിയായി. ഇന്നലെ പറഞ്ഞിരുന്നതാണ് 6 മണിക്ക് തന്നെ തയ്യാറായി ഇറങ്ങണമെന്ന്. വൈകിയല്ലോ. അര മണിക്കൂറിനുള്ളിൽ ഇറങ്ങണം. വേഗം തയ്യാറാക്." ധൃതിയിൽ ഒരുങ്ങിയിറങ്ങി. എല്ലാം എടുത്തു. ഒന്നും മറന്നില്ല. ബൈക്ക് സ്റ്റാർട്ട് ചെയ്തു. ഇരുവരും ബൈക്കിൽ കയറി. ഹെൽമറ്റും വച്ചു ലൈസൻസും ബുക്കും പേപ്പറും എല്ലാം നോക്കി. Everything is perfect. സമാധാനമായി യാത്ര തുടങ്ങി. പക്ഷെ! വഴിയരികിൽ അതാ കൈ കാണിച്ചുകൊണ്ട് പോലീസുകാർ. ധൈര്യമായി വണ്ടി നിർത്തി. പക്ഷെ പ്രതീക്ഷ തെറ്റിച്ചുകൊണ്ട് അവർ പിഴയടക്കാൻ പറഞ്ഞു. എന്തിനെന്ന് ആരാഞ്ഞപ്പോഴാണ് അറിഞ്ഞത്. ഹെൽമറ്റില്ലത്രേ. അവർ ഞെട്ടി. തന്റെ കൈയ്യിൽ ഹെൽമറ്റ് ഉണ്ട് എന്ന് അയാൾ പറഞ്ഞു. പോലീസതു സമ്മതിച്ചു. എന്നാൽ പിൻ സീറ്റിലിരിക്കുന്നയാളുടെ ഹെൽമറ്റ് എവിടെ എന്ന ചോദ്യത്തിന് ഒരു ഞെട്ടലായിരുന്നു മറുപടി. ഒപ്പം പോലീസിന്റെ വകയായി ഒരു ചോദ്യവും. "ഇന്നത്തെ പത്രം നോക്കാൻ സമയം കിട്ടിയില്ല അല്ലേ? പിൻസീറ്റിലിരിക്കുന്നവർക്കും ഹെൽമറ്റ് നിർബന്ധമാക്കി. എത്രയും വേഗം നിങ്ങൾ പിഴയടക്കണം. നിങ്ങളുടെ സുരക്ഷയ്ക്കു വേണ്ടിയാണിത്. സഹകരിച്ചേ മതിയാകൂ"

എങ്ങനെയുണ്ട് ഈ അവസ്ഥ? വിചിത്രമെന്ന് പണ്ട് തോന്നാമായിരുന്ന ഈ അവസ്ഥ ഇന്ന് എത്തിക്കഴിഞ്ഞു. തമിഴ്നാടിന്റെ വഴിയോരങ്ങളിൽ ഇന്ന് നിലവിലായിരിക്കുന്ന ഈ നിയമത്തിനെ വരവേൽക്കാൻ മനസ്സുകളെ പാകപ്പെടുത്തേണ്ടിയിരിക്കുന്നു കേരളം. അടുത്തതായി കേരളത്തിലാണ് ഈ നിയമം നടപ്പിലാക്കാൻ പോകുന്നത്. കോടതിയുടെ പ്രത്യേക നടപടിക്കുമേൽ നടപ്പിലാക്കാൻ പോകുന്ന ഈ നിയമത്തിനെ ഒന്നു വിലയിരുത്താം. പ്രത്യക്ഷത്തിൽ വെറുതെ എന്ന് തോന്നുന്ന ഈ നടപടി യഥാർത്ഥത്തിൽ സമൂഹനന്മയെ കരുതിയാണെന്നാണ് പറയുന്നത്. തീർച്ചയായും ഈ നടപടിക്കു പിന്നിലുള്ള ഉദ്ദേശ്യം അതുതന്നെയെന്ന് അനുമാനിക്കാം. അതിനുമപ്പുറത്തേയ്ക്കുള്ള അർത്ഥതലങ്ങളെപ്പറ്റി ഇപ്പോൾ നമ്മുക്ക് ചിന്തിക്കാതിരിക്കാം. ഈ നിയമം നടപ്പിലാക്കുന്നതിനെ അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായങ്ങൾ ഉയർന്നിരുന്നു. സുരക്ഷയെക്കരുതയാണെങ്കിൽ ആദ്യം റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയാണ് വേണ്ടതെന്നും എന്നിട്ടാകാം പിൻസീറ്റിലിരിക്കുന്നവർക്ക് ഹെൽമറ്റ് എന്നെല്ലാം അഭിപ്രായങ്ങൾ ഉയരുന്നുണ്ട്.

സത്യത്തിൽ ഈ നിയമം മികച്ചതാണ്. പക്ഷെ മുൻസീറ്റിലിരിക്കുന്നവർ പോലും കൃത്യമായി ഹെൽമറ്റ് വയ്ക്കാത്ത നമ്മുടെ നാട്ടിൽ ഈ നിയമം നടപ്പിലാക്കുക എന്നത് അൽപം ശ്രമകരമാണ്. എന്നിരുന്നാലും ഗവൺമെന്റിന്റെ കൃത്യവും വ്യക്തവുമായ നടപടിക്രമങ്ങൾ ഈ നിയമത്തിന് പിന്തുണയേകുന്നതായിരിക്കുമെന്ന് പ്രതീക്ഷിക്കാം. ഓരോ ജീവനും വിലമതിക്കാനാവാത്തതാണ്. അപകടങ്ങളിൽ പെട്ട് ഒരു ജീവനും പൊലിയാതെ അവയെ കാത്തുസൂക്ഷിക്കുന്നതിന് സഹായിക്കുന്ന ഈ നിയമനടപടിയെ അനുസരിക്കേണ്ടത് ഓരോ മനുഷ്യജീവിയുടെയും കടമയാണ്. എങ്കിലും ഒരു സംശയം, ഇതിനു പിന്നിൽ വേറെ ഗൂഢലക്ഷ്യം എന്തെങ്കിലും ഉണ്ടോ? ഈ ഒരു നിയമം നിലവിൽ വന്നതുകൊണ്ട് അതിൽ സന്തോഷിച്ച് ഹെൽമറ്റ് കമ്പനിക്കാർ കൂടുതൽ നിർമ്മാണം നടത്തേണ്ട ആവശ്യകത ഇല്ല. കോടതിയുടെ അടുത്ത തീരുമാനം ഇങ്ങനെയാണ് ഇരുചക്ര വാഹന നിർമ്മാതാക്കൾ തന്നെ വാഹനത്തിനൊപ്പം ഹെൽമറ്റും അത് സൂക്ഷിക്കാനുള്ള പൂട്ടും നൽകണ മെന്നാണ്. ഈ ചിന്താഗതി ഓരോ മനുഷ്യരിലും ഉണ്ടാകണം. അതായത് വാഹനത്തിന്റെ ഭാഗമായി കണ്ട് ഹെൽമറ്റിനെ സ്വീകരിച്ചാൽ എല്ലാം ശുഭം.



# ജീവിതം ഗണിത ശോഭയിൽ

ജിനു ജെയിംസ്

ഞാൻ വെളുപ്പിനെതന്നെ ഉണരണമെന്ന് അമ്മയ്ക്ക് വളരെ നിർബന്ധമാണ്. അമ്മയുടെ വിളികേട്ട് കണ്ണു തിരുമ്മികൊണ്ട് വന്ന ഞാൻ ആദ്യം കണ്ടത് സൂര്യൻ ഉദിച്ചുയരുന്നതാണ്. അപ്പോഴാണ് പത്താം ക്ലാസ്സിൽ പഠിപ്പിച്ച സ്പർശ രേഖയെക്കുറിച്ച് ഓർത്തത്. സൂര്യന് ചക്രവാളം ഒരു സ്പർശ രേഖയാണല്ലോ? അതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ട് കിണറിനരികിലെത്തിയപ്പോഴോ? അവിടെയുമതാ നിൽക്കുന്നു സ്പർശ രേഖകൾ. എങ്ങനെയാണന്നല്ലെ? കിണറ്റിലെ ആൾമറയുടെ കാൽ കിണറിന് സ്പർശ രേഖയാണ്. അതുപോലെ കപ്പിയും കയറും. ഈ സ്പർശ രേഖ ആളൊരു മിടുക്കൻ തന്നെ.

കുറച്ചു നേരം കൂടി കിണറ്റിൻകരയിൽ നിന്ന ശേഷം പല്ലു തേച്ചുകൊണ്ട് ഞാൻ പൂന്തോട്ടത്തിലേക്ക് നടന്നു. അവിടെയതാ ചെമ്പരത്തിപ്പൂവ് ചിരിച്ചുകൊണ്ട് പറയുന്നു. എന്റെ ഇതളിന്റെ എണ്ണം ഒരു ഫിബോനാച്ചി സംഖ്യയാണല്ലോ എന്ന്. ഞാൻ സൂക്ഷിച്ച് നോക്കി. ശരിയാണല്ലോ. 1,2,3,4,5,8.......... എന്ന ഫിബോനാച്ചി ശ്രേണിയിലെ ഒരു പദമായ 5 ആണല്ലോ ചെമ്പരത്തിയുടെ ഇതളുകളുടെ എണ്ണം. വേറെയും കുറെ ചെടികളുണ്ടല്ലോ. ഫിബോനാച്ചി സംഖ്യയുമായി ബന്ധപ്പെടുത്തി പറയാൻ സൂര്യകാന്തിപൂവിന്റെ പുഷ്പദളങ്ങളുടെ വിന്യാസവും ചെടികളുടെ ഇലകളുടെ ക്രമീകരണവുമെല്ലാം ഫിബോനാച്ചി ശ്രേണിയുമായ 6 ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വായിച്ചത് ഞാനോർക്കുന്നു.

പല്ലുതേച്ച് കുളിച്ച് വന്ന് സ്വീകരണ മുറിയിലേക്ക് കയറിയപ്പോൾ വെറുതെ ഭിത്തിയിലെ ചിത്രങ്ങളിലേക്ക് നോക്കി. ഗൂഢസ്മിതം തൂകി നിൽക്കുന്ന മോണോലിസയിൽ എന്റെ കണ്ണുകളുടക്കി. മോണോലിസയുടെ ഈ മൃദുസ്മിതത്തിൽ മറഞ്ഞിരിക്കുന്ന രഹസ്യമെന്താണ്? അപ്പോഴാണ് ഏറ്റവും സുന്ദരവും ഭൂമുഖത്തെ ഏറ്റവും മനോഹരവുമായ ഗോൾഡൺ റേഷ്യോയെക്കുറിച്ച് ഓർത്തത്. ലിയാൻഡോ ഡാവിൻഞ്ചിയുടെ ചിത്രങ്ങളെല്ലാം 'ഗോൾഡൺ റേഷ്യോ' പിന്തുടരുന്നുവെന്നും അതാണവയുടെ ആകർഷണീയതയ്ക്ക് കാരണമെന്നും പഠിച്ചിട്ടുണ്ട്. അവിടെ നിന്നും പുറത്തിറങ്ങി മുറ്റത്തെത്തിയപ്പോഴാണ് അപ്പുറത്തെ മതിലിൽ നിന്ന് തേനീച്ച മൂളുന്നു. തേനീച്ച കൂട്ടത്തിൽ ആണിനെക്കാൾ പെണ്ണീച്ചകളായിരിക്കും കൂടുതൽ ഇവയും ഗോൾഡൺ റേഷ്യോ പിന്തുടരുന്നു.

സ്കൂളിൽ പോകാനായി ചെരിപ്പിട്ടപ്പോൾ ഇടതുകാലിലെ ചെരിപ്പ് വലതുകാലിലും വലതുകാലിലെ ചെരിപ്പ് ഇടതുകാലിലും ചേരുന്നില്ല. കാരണം അവ ഓർഡേർഡ് പെയേഴ്സാണ്. വൈകുന്നേരം കടയിൽ നിന്ന് സാധനം വാങ്ങിയപ്പോൾ അവിടെയും കണക്കും തൂക്കവും . ഒരു കുളത്തിൽ കല്ലെടുത്തിട്ടപ്പോൾ ഒരേ കേന്ദ്രമുള്ള കുറേ വൃത്തങ്ങൾ രൂപപ്പെട്ടു. സൂര്യൻ അസ്തമിക്കാറായപ്പോൾ അകലെ മലനിരകൾ ത്രികോണാകൃതി കൈവരിച്ചിരിക്കുന്നു. ഈ ഗണിത ലോകം ഒരു അത്ഭുത ലോകം തന്നെ. എത്രയെത്രയോ ഗണിത തത്ത്വങ്ങളിലൂടെയാണ് എന്റെ ഒരു ദിവസം കടന്നു പോയത്. ഗണിതത്തെക്കുറിച്ചോർക്കുമ്പോൾ അത്ഭുതം തോന്നുന്നു.





# ഉടഞ്ഞ വാക്കുകൾ

വാക്കുകൾ കൊണ്ടെന്നെ മുറിപ്പെടുത്തുമ്പോൾ
കീറിപ്പറിഞ്ഞതെന്റെ മനസ്സാണ്,
വെള്ളക്കടലാസിൽ ഇറ്റുവീണ തന്റെ
കണ്ണുനീർ തുള്ളിക്ക് സാന്ത്വനമായി
അരികിൽ കത്തിയമരുന്ന മെഴുകു തിരി നാളം
ചുമരുകൾക്ക് മാത്രമറിയാവുന്ന തന്റെ
ഗദ്ഗദം തുന്നിച്ചേർത്ത ഹൃത്തിൽ
അർത്ഥമില്ലാത്ത വാക്കുകളുടെ ലയനം
ഇനിയൊരു കവിത ജനിക്കാതിരിക്കട്ടെ
വിരൽതുമ്പിലെ ചായങ്ങൾ
ആരെയും വേദനിപ്പാക്കാതിരിക്കുമെങ്കിൽ
അണകെട്ടി നിൽക്കുമാ കദന
പ്പെരുംകടൽ കണ്ണീർ പ്രളയമായ്
ഒഴുകാതിരിക്കട്ടെ,
ഉടഞ്ഞവാക്കുകൾ വേദനിപ്പിക്കാതിരിക്കട്ടെ




# Life

Joby C Thomas

Life is so beautiful. It starts its journey like a stream. Stream originates from a water source. Like a stream, each and every one of us originate from our parents. Every stream needs some sort of support and guidance in its beginning. In life also every little creature sparkles and prospers only with the aid of their parents. It is during the period of there stay with parents, they learn the lessons of life. Shall anybody can forget those enlightened childhood days! Like the silent flowing stream, life is also quite in this period. Nobody can find any tension or gloominess in the winsome and bony faces of children. They know that they are secure in the hands of their parents. Those rainbow days, then pave the way to adulthood!


A stream brims and flows fast in its young days. Slowly transforms into a river. In it's similar pattern, human life also flourishes well in its young stage. Life becomes a powerhouse of energy. Charmness and glimpses of maturity are the beads that we can find in the stage. But when we think of negative aspects, it is during this time, the snakes of jealousy and enmity start residing in human mind. A river bubbles in its eddying bays. In life also, we can find many such eddying bays. It may be sorrows or problems. Some people overcome these with the swords of courage and advices. While we can find many others who are paralyzed down in the battle field of life.

In its flow, the river passes through many ridges, bridges, thorps and towns. It may touch the stunning beauty of our earth. Likewise, in life, one meets many wonderful experiences and moments. Nobody can erase such loving memories from mind. A river may take deviations in its journey. It may turn either left or right according to it's wish. Life too meets with certain moments where, it has to choose a way. The chosen path may be right or wrong.

In middle ages life assumes the role of a mentor to its rest generation. It guides and teaches the new buds. It gifts them the unbroken love that it inherited from its mentors. A river in its olden days is full of essence. It may contain tiny fishes, loot, rich minerals and many other remains. Therefore its flow is quite slow when it is about to merge in sea. Like rivers human life also remains in a full rim in its olden days. The essence of knowledge and experience make life so vulnerable in this period.


When a river dissolves fully in sea, there occurs the death of the river. So as in life also, people may stop peddling the bicycle of life one day. Physical body gets separated from the soul. External body will go to the mortality of earth whereas soul blows its wings and fly, high to that immortal divinity. When one reaches that absolute shore of tranquility and enlightenment, there occurs the fulfilment of his ultimate goal. Moreover, the rhythm of life is so wonderful. Let us try to enjoy it and try to search the true meaning of life. Let's hope, dream and make our life a respectful one!!.






കല്ലുപെൻസിൽ കൊണ്ട് സ്ലേറ്റിൽ
കുത്തിക്കുറിച്ച അക്ഷരങ്ങളെ
മഷിത്തണ്ടുകൊണ്ട് മായ്ച്ചു കളയുന്ന
ലാഘവത്തോടെ ഒരിക്കലും
ഈ യാനത്തിൽ പങ്കാളികളായവരുടെ
പ്രയത്നത്തെ മറന്നുകളയാൻ സാധിക്കുകയില്ല
ഈ സ്വപ്നം പൂർത്തിയാക്കുന്നതിൽ
വാക്കുകൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും
കഠിനമായ സാഹചര്യങ്ങളിൽ ഒരു പുഞ്ചിരികൊണ്ടും
സഹായിച്ചവർ ഏറെയാണ്
ഈ യജ്ഞത്തിൽ താങ്ങും തണലുമായ
ഗുരുഭൂതർക്കും സഹായഹസ്തമായ
എല്ലാ മിത്രങ്ങൾക്കും

**നന്ദി**




# ARCHITECTS


| | |
|---|---|
| Publisher | **Dr. T M Jospeh**<br>Principal<br>Newman College, Thodupuzha |
| Staff Editors | **Rev. Dr. Manuel Pichalakkattu**<br>**Dr. Bijimol Thomas**<br>**Prof. Lally Thomas** |
| Chief Editor | **Deljo Davis Plathottathil** |
| Student Editors | **Bibina Vimala Babu**<br>**Jogy George**<br>**Amal Shaju**<br>**Ammu Maria Alex**<br>**Jithu Thottiyil**<br>**Kiran Shaji** |
| Cover Design | **Sooryakanth V B** |
| Photography | **Naveen Joseph** |
| Layout & Design | Printshop Lazer Press, Thodupuzha<br>Ph: 8289966420 |

LEAD KINDLY LIGHT



# NEWMAN COLLEGE


(Re-accredited by NACC with 'A' grade and affiliated to Mahatma Gandhi University, Kottayam)

**Thodupuzha, Idukki (dist.), Kerala - 685 585, India**

Ph: 04862 222686 (Office), 229797 (Principal), 222486 (Bursar)

Website :www.newmancollege.ac.in, Email:principal@newmancollege.ac.in, newmancollegethodupuzha@gmail.com


PrintShop Tdpa # 8289966420